

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2025 സെപ്റ്റംബർ 16 – 28

Volume XIX Issue 17

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക






Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111







# യു.എസ്. ഭരണഘടന ആർക്കും അമിതമായ അധികാരം നൽകിയിട്ടില്ലെന്ന് ജസ്റ്റിസ് കവനോ



**– പി പി ചെറിയാൻ**

ടെക്സ്സാസ്: അമേരിക്കൻ ഭരണഘടനയുടെ ഏറ്റവും വലിയ സവിശേഷത ആർക്കും അമിതമായ അധികാരം നൽകുന്നില്ല എന്നതാണെന്ന് യു.എസ്. സുപ്രീം കോടതി ജസ്റ്റിസ് ബ്രെറ്റ് കവനോ.

തനിക്ക് മുൻപ് ജോലി ചെയ്തിരുന്ന കെൻ സ്റ്റാറിനെ ആദരിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ സ്ഥാപകർ ഭരണഘടന രൂപീകരിച്ചത് അധികാരത്തിന്റെ കേന്ദ്രീകരണം ഒഴിവാക്കാൻ വേണ്ടിയാണെന്നും കവനോ പറഞ്ഞു.

എന്നാൽ, പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് അനുകൂലമായ നിലപാടുകൾ തുടർച്ചയായി സ്വീകരിക്കുന്നതിന് സുപ്രീം കോടതിയും ജസ്റ്റിസ് കവനോയും വിമർശനം നേരിടുന്ന സാഹചര്യത്തിലാണ് ഈ പ്രസ്താവന. പരിപാടി നടന്ന സ്ഥലത്തിന് പുറത്ത് ട്രംപിനും കവനോയ്ക്കും എതിരെ പ്രതിഷേധവുമായി ആളുകൾ തടിച്ചുകൂടി. സുപ്രീം കോടതി രാജ്യത്തെ ട്രംപിന് കൈമാറിയെന്ന് പ്രതിഷേധക്കാർ ആരോപിച്ചു.

2024ൽ ട്രംപിനെതിരായ ഒരു കേസിൽ കോടതി എടുത്ത തീരുമാനം ചൂണ്ടിക്കാട്ടിയാണ് പ്രതിഷേധം. ഈ തീരുമാനത്തിൽ കവനോയും പങ്കുചേർന്നിരുന്നു. കൂടാതെ, ട്രംപിന്റെ കുടിയേറ്റ നയങ്ങൾക്ക് അനുകൂലമായി ഈ ആഴ്ച കോടതി എടുത്ത തീരുമാനത്തിനെതിരെയും ലിബറൽ ജസ്റ്റിസുമാർക്കിടയിൽ എതിർപ്പ് ശക്തമാണ്.

1990കളിൽ പ്രസിഡന്റ് ബിൽ ക്ലിന്റനെതിരായ ലൈംഗികാരോപണക്കേസിൽ കെൻ സ്റ്റാറിനൊപ്പം പ്രോസിക്യൂട്ടറായി പ്രവർത്തിച്ച കാലത്തെ അനുഭവം കവനോ പങ്കുവെച്ചു. അന്ന് ക്ലിന്റൺ ചെയ്തത് അശ്രദ്ധവും അറപ്പുളവാക്കുന്നതുമായ കാര്യങ്ങളാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു. എന്നാൽ, 2018ൽ സുപ്രീം കോടതി ജഡ്ജി സ്ഥാനത്തേക്കുള്ള കവനോയുടെ നോമിനേഷൻ വിവാദത്തിലായപ്പോൾ കെൻ സ്റ്റാർ അദ്ദേഹത്തെ പരസ്യമായി പിന്തുണച്ചിരുന്നു.

# ചാർളി കിർക്കിന്റെ കൊലപാതകം തീവ്ര ഇടതുപക്ഷത്തെ കുറ്റപ്പെടുത്തി ട്രംപ്



യൂട്ടാ: ചാർളി കിർക്കിന്റെ കൊലപാതകത്തിന് പ്രസിഡന്റ് തീവ്ര ഇടതുപക്ഷംഎന്ന് വിളിക്കുന്നതിനെ കുറ്റപ്പെടുത്തുന്നു. തന്റെ അടുത്ത സഖ്യകക്ഷിയും ശക്തനായ വലതുപക്ഷ സ്വാധീനശക്തിയുമുള്ള ചാർളി കിർക്കിന്റെ കൊലപാതകത്തെത്തുടർന്ന് രാഷ്ട്രീയ അക്രമത്തിനെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രതിജ്ഞയെടുത്തു.

യൂണിവേഴ്സിറ്റി കാമ്പസുകളിൽ ഒരു പ്രസംഗപര്യടനത്തിന്റെ ഭാഗമായി യൂട്ടായിലെ സാൾട്ട് ലേക്ക് സിറ്റിക്ക് സമീപം വിദ്യാർത്ഥികളുടെ ഒരു ജനക്കൂട്ടത്തെ അഭിസംബോധന ചെയ്യുന്നതിനിടെയാണ് ചാർളി കിർക്ക് വെടിയേറ്റു കൊല്ലപ്പെട്ടത്.

# ട്രംപിന് മറുപടിയുമായി ചൈന

വാഷിങ്ടൻ: ചൈനയ്ക്ക് മേൽ 100 ശതമാനം വരെ നികുതി ചുമത്തുമെന്ന മുന്നറിയിപ്പിനും റഷ്യൻ എണ്ണ വാങ്ങുന്നത് യൂറോപ്യൻ രാജ്യങ്ങൾ നിർത്തണമെന്നുള്ള യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ആവശ്യത്തിന് പിന്നാലെ ട്രംപിന് മറുപടിയുമായി ചൈന.

യുദ്ധങ്ങൾക്ക് ഗൂഢാലോചന നടത്തുകയോ യുദ്ധങ്ങളിൽ പങ്കെടുക്കുകയോ ചെയ്യുന്നില്ലെന്ന് ചൈന വ്യക്തമാക്കി. യുദ്ധം പ്രശ്നങ്ങൾ പരിഹരിക്കില്ലെന്നും ഉപരോധങ്ങൾ അവയെ സങ്കീർണ്ണമാക്കുകയേ ഉള്ളൂവെന്നും ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി പറഞ്ഞതായി അന്താരാഷ്ട്ര വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. നാറ്റോ അംഗങ്ങളെ അഭിസംബോധന ചെയ്ത ഒരു കത്തിലൂടെയാണ് ട്രംപ് റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നത് നിർത്തണമെന്ന് ആവശ്യപ്പെട്ടത്.

## ഉത്പന്നങ്ങൾക്ക് ഇന്ത്യയിൽ വിലക്കേർപ്പെടുത്തുന്നു: വാണിജ്യ സെക്രട്ടറി

ഇന്ത്യയ്ക്കെതിരെ വീണ്ടും ഗുരുതര ആരോപണങ്ങളുമായി അമേരിക്കൻ വാണിജ്യ സെക്രട്ടറി ഹൊവാർഡ് ലുട്നിക്ക്. യു.എസ് വിപണിയിൽ നിന്ന് ഇന്ത്യ നേട്ടങ്ങളുണ്ടാക്കുമ്പോൾ, അമേരിക്കയിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് ഇന്ത്യയിൽ വിലക്കേർപ്പെടുത്തുകയാണെന്ന് അദ്ദേഹം ആരോപിച്ചു.

ഇന്ത്യയുടെ കാർഷിക ഉത്പന്ന നയങ്ങളെ വിമർശിച്ചുകൊണ്ട്, ഒരു ബുഷെൽ അമേരിക്കൻ ചോളം പോലും വാങ്ങാൻ ഇന്ത്യ തയ്യാറാവുന്നില്ലെന്ന് ലുട്നിക്ക് പറഞ്ഞു. 140 കോടി ജനങ്ങളുണ്ടെന്ന് ഇന്ത്യ വീമ്പ് പറയുന്നു. എന്നാൽ, എന്തുകൊണ്ടാണ് അവർ ഒരു ബുഷെൽ അമേരിക്കൻ ചോളം പോലും വാങ്ങാത്തത്? അവർ നമുക്ക് എല്ലാം വിൽക്കുകയും നമ്മുടെ ഉത്പന്നങ്ങൾ വാങ്ങാതിരിക്കുകയും ചെയ്യുന്നത് ദേഷ്യമുണ്ടാക്കുന്നതാണ്. എല്ലാത്തിനും അവർ വലിയ തീരുവ ചുമത്തുന്നു- ലുട്നിക്ക് കൂട്ടിച്ചേർത്തു.

ഇന്ത്യ തീരുവ കുറച്ചില്ലെങ്കിൽ അമേരിക്കയുമായി വ്യാപാരത്തിൽ ഏർപ്പെടാൻ ബുദ്ധിമുട്ടേണ്ടി വരുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. ഇന്ത്യ, കാനഡ, ബ്രസീൽ തുടങ്ങിയ സഖ്യകക്ഷികളുമായുള്ള ബന്ധം വ്യാപാരത്തീരുവകളിലൂടെ അമേരിക്ക വഷളാക്കുകയാണോ എന്ന ചോദ്യത്തിന്, ബന്ധം ഏകപക്ഷീയമാണ്, അവർ ഞങ്ങൾക്ക് വിൽക്കുകയും ഞങ്ങളെ മുതലെടുക്കുകയും ചെയ്യുകയാണ്. അവരുടെ സമ്പദ് വ്യവസ്ഥയിൽ നിന്ന് ഞങ്ങളെ തടയുന്നു എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ശനിയാഴ്ച ഒരു അഭിമുഖത്തിനിടെയായിരുന്നു ലുട്നിക്കിന്റെ പ്രതികരണം.


സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക

ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം

പി.ഡി.എഫ് ഫയലിനോടൊപ്പം

www.timesofamericanmalayali.com


ഈ ലക്കത്തിൽ

പ്രതിമാസ സാംസ്കാരിക മാസിക

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

സന്ധ്യയിൽ തെളിഞ്ഞ തിരിനാളം

എം. കെ. സാനു

# സ്നേഹതീരം ഓണാഘോഷം നടന്നു

**– ഷിബു വർഗീസ് കൊച്ചുമഠം**

ഫിലഡൽഫിയാ: ഫിലഡൽഫിയായിലും പരിസരപ്രദേശങ്ങളിലുമുള്ള മലയാളികളുടെ പരസ്പര സഹകരണത്തിനും, സൗഹൃദത്തിനും, ഒത്തുകൂടലിനും, അത്യാവശ്യ ഘട്ടങ്ങളിലെ വിലമതിക്കാനാവാത്ത സഹായങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട്, ഒരുപറ്റം മലയാളികളാൽ രൂപംകൊണ്ട ഫിലഡൽഫിയായിലെ ശക്തമായ മലയാളി സൗഹൃദ കൂട്ടായ്മയായസ്നേഹതീരം എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഗുഡ് സമരിറ്റൻ കമ്മ്യൂണിറ്റിയുടെ ആദ്യ ഓണാഘോഷം സെപ്റ്റംബർ 6ന് ശനിയാഴ്ച രാവിലെ 10 മണിമുതൽ 3 മണിവരെ, ബൈബറി റോഡിലുള്ള സെന്റ് മേരിസ് ക്നാനായ ചർച്ച് ഹാളിൽവച്ച് (ഗുഡ് സമരിറ്റൻ നഗർ) മികവുറ്റരീതിയിൽ വളരെ വിപുലമായ പരിപാടികളോടുകൂടി നടത്തപ്പെട്ടു.

2024 ലെ ഓണത്തിന് ഒന്നിച്ചുകൂടിയ ഒരുപറ്റം മലയാളി സൗഹൃദങ്ങളുടെയുള്ളിൽ അന്ന് ഉദിച്ചുയർന്ന ആശയമാണ് സ്നേഹതീരംഎന്ന ഇ ൗ കൂട്ടായ്മ. 2025 നവംബർ 01 കേരളപിറവി ദിനം ഔപചാരികമായി രൂപംകൊണ്ട ഈ സ്നേഹതീരത്തിന്റെ ആദ്യത്തെ ഓണം എന്ന പ്രാധാന്യത്തോടുകൂടി ആഘോഷിച്ച ഈ ഓണം, സ്നേഹതീരം വനിതാ വിംഗിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു എന്നതാണ് ഏറ്റവും വലിയ പ്രത്യേകത. വനിതാ പ്രാതിനിധ്യമുള്ള സ്റ്റേജും, പ്രോഗ്രാമുകളുമാണ് ഈ ഓണപ്രോഗ്രാമിൽ കൂടുതലായി ഉൾപ്പെടുത്തിയിരുന്നത്.

രാവിലെ കൃത്യം10 മണിക്ക് രജിട്രേഷൻ ആരംഭിച്ചു. തുടർന്ന് സ്നേഹതീരം വനിതകൾ ഒരുക്കിയ അതിമനോഹരമായ അത്തപ്പൂക്കളം കൊണ്ട് അലംകൃതമായ ഹാളിലേക്ക്, ചെണ്ടമേളത്തിന്റെയും, മുത്തുക്കുടകളുടെയും, വാദ്യ മേളങ്ങളുടെയും, കേരളത്തനിമയിൽ അണിഞ്ഞൊരുങ്ങിയ, താലപ്പൊലിയേന്തിയ മലയാളി മങ്കമാരുടെയും, കേരള വേഷത്തിൽ ഒരുങ്ങി എത്തിയ പരുഷന്മാരുടെയും അകമ്പടിയോടുകൂടി മാവേലി മന്നനെ ഓണാഘോഷ വേദിയിലേക്ക് സ്വീകരിച്ച് ആനയിച്ചു.തുടർന്ന്, പൊതു സമ്മേളനം. പൂർണ്ണമായി സ്നേഹതീരത്തിലുള്ള അഗങ്ങളായ വനിതകൾ അണിനിരന്ന മനോഹര വേദിയായി മാറി. ഓണ സന്ദേശം, തിരുവാതിര കളി, ഗൃഹാതുരത്വമുണർത്തുന്ന ഓണപ്പാട്ടുകൾ, നൃത്തങ്ങൾ, കലാരൂപങ്ങൾ എന്നിവ ഓണാഘോഷത്തിന്റെ മാറ്റ് വർധിപ്പിച്ചു.

എല്ലാ ഓണ വിഭവങ്ങളും ഉൾപ്പെടുത്തിക്കൊണ്ട്, മല്ലുകഫെ തയ്യാറാക്കിയ വിഭവ സമൃദ്ധമായ ഓണ സദ്യ ആഘോഷത്തിന്റെ തിളക്കം കൂട്ടി. കസേരകളി, മ്യൂസിക് ചെയർ, ബോട്ടിലിൽ പേനയും നൂലും, സൂചിയും നുലും കോർക്കൽ, സുന്ദരിക്ക് പൊട്ടുതൊടൽ എന്നീ മത്സരങ്ങളും, ആഘോഷങ്ങക്ക് ഉത്സവച്ചാർത്തേകി. ഉമ്മൻ മത്തായിയുടെ ഓണം മെസ്സേജ്, റിനി ജോസഫ് ആലപിച്ച ഗാനം എന്നിവ ഏവരും ആസ്വദിച്ചു. മാവേലിയായി വർഗീസ് ജോൺ തിളങ്ങി നിന്നു. അതിനുള്ള മേക്കപ്പ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ജോസഫ് തടവിനാലിന് പ്രത്യേകം നന്ദി പറഞ്ഞു. ഓണം മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങളും, മറ്റു പ്രോത്സാഹന സമ്മാനങ്ങളും ജനുവരി 3ന് നടക്കുന്ന വാർഷികാഘോഷത്തിൽ വിതരണം ചെയ്യുമെന്ന് സംഘാടകർ അറിയിച്ചു.

6ന് നടന്ന ഓണാഘോഷ പരിപാടികൾ കൂടുതൽ കളർഫുൾ ആക്കിയത് കലാപരിപാടികളിലെ പ്രധാന ഐറ്റമായ തിരുവാതിരകളിയായിരുന്നു. സ്നേഹതീരം കൾച്ചറൽ കോർഡിനേറ്റർ കുമാരി കെസിയ സക്കറിയയുടെ നേതൃത്വത്തിൽ നടത്തിയ തിരുവാതിര ഇതിനോടകം തന്നെ പ്രശസ്തിയാർജിച്ചു.

കൊച്ചുകോശി ഉമ്മൻ, സാജൻ തോമസ്, സക്കറിയ തോമസ്, ജോസ് സക്കറിയ, അനിൽ ബാബു, ഷിബു മാത്യു, ബെന്നി മാത്യു, ദിനേഷ് ബേബി, വർഗീസ് ജോൺ, ജെയിംസ് പീറ്റർ, കുര്യൻ കൊച്ചുപിലാപറമ്പിൽ, തങ്കച്ചൻ സാമുവേൽ എന്നിവരടങ്ങുന്ന വിപുലമായ കമ്മറ്റി പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു.

കെസിയ സക്കറിയ, ബിജു എബ്രഹാം, സുജ കോശി, ആനി സക്കറിയ, സജിനി ബാബു, ജോയമ്മ ചാക്കോ, സുനിത എബ്രഹാം, ദിവ്യ സാജൻ, സുനു വർഗീസ്, ലൈസാമ്മ ബെന്നി, ഡെയ്സി കുര്യൻ, ലീലാമ്മ വർഗീസ് എന്നിവരാണ് കൾച്ചറൽ പ്രോഗ്രാമിന് നേതൃത്വം നൽകിയത്.

താലപ്പൊലിയുടെ ക്രമീകരണങ്ങൾക്ക് ലീലാമ്മ വർഗീസ്, സുജ കോശി, സൂസി ജേക്കബ്, കുഞ്ഞുമോൾ തങ്കച്ചൻ, ദിവ്യ സാജൻ, ജയ ഷിബു വർഗീസ്, ലാലി ജെയിംസ് എന്നിവരും, ചെണ്ടമേളത്തിന് അലൻ ഷിബു വർഗീസ്, സേവ്യർ ആന്റണി, ജോനാ തോമസ് എന്നിവരും, തിരുവാതിരകളിക്ക് കെസിയ സക്കറിയ, സുജ കോശി, ഫെയ്ത്ത് യൽദോ, ഹന്നാ യൽദോ, റോളി യൽദോ, അബിഗെയ്ൽ യൽദോ, ദിവ്യ സാജൻ, എൽന തോമസ് എന്നിവരും നേതൃത്വം നൽകി. സ്നേഹതീരം ഓണപ്പരിപാടിയുടെ ഈ വൻ വിജയം, വന്നു ചേർന്ന ഏവരുടെയും വിജയമാണ്.

15 September - **Engineer's Day (India):** Engineer's Day is celebrated in India on 15 September every year to mark the tribute to the Indian Engineer Bharat Ratna Mokshagundam Visvesvaraya.

15 September - **International Day of Democracy:** International Day of Democracy is observed on 15 September to remind people that democracy is about people. This day provides an opportunity to make people understand the importance of democracy and the effective realization of Human Rights.

# യുക്മ കേരളപ്പൂരം വള്ളംകളിക്ക് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി വിശിഷ്ടാതിഥിയായി പങ്കെടുത്തു



**– ശ്രീകുമാർ ഉണ്ണിത്താൻ**

ഇംഗ്ലണ്ടിലെ മലയാളീ അസോസിയേഷനുകളുടെ കേന്ദ്ര സംഘടനായ യുക്മയുടെ ഏഴാമത് കേരള പൂരവും ഓണാഘാഷവും, വള്ളം കളിയും വളരെ പ്രൗഢഗംഭീരമായി നടന്നു. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി ചീഫ് ഗസ്റ്റ് ആയി പങ്കെടുത്തു.

കേരളത്തിന് പുറത്ത് സംഘടിപ്പിക്കുന്ന മലയാളികളുടെ ഏറ്റവും വലിയ വള്ളംകളി മത്സരമാണ് ഇത്. കേരളപ്പൂരം വള്ളംകളിക്ക് ഇക്കുറി ആവേശപൂർവ്വമായ വരവേൽപ്പാണ് യുകെ മലയാളികൾ ഒരുക്കിയത്. ഒൻപതര മണിയോടെ ആരംഭിച്ച മത്സരങ്ങൾക്ക് വൈകുന്നേരം ആറര മണിയോടെയാണ് സമാപനമായത്. 32 പുരുഷൻമാരുടെ ടീമും 16 സ്ത്രീകളുടെ ടീമും പങ്കെടുത്തു. ഏകദേശം പതിനായിരത്തോളം കാണികൾ ഒഴുകിയെത്തി.

യുക്മ ദേശീയ അദ്ധ്യക്ഷൻ അഡ്വ. എബി സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ച സമാപന സമ്മേളനത്തിൽ ബേസിംഗ്സ്റ്റോക്ക് കൗൺസിലർ സജീഷ് ടോം സമാപന സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി വിശിഷ്ടാതിഥിയായിപങ്കെടുത്തു. സെക്രട്ടറി ജയകുമാർ നായർ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. യൂ.കെ പാർലമെന്റിലെ ഏക മലയാളീ എം.പി സോജൻ ജോസഫ് ജലമേളക്ക് ഫ്ളാഗ് ഓഫ് ചെയ്തു. ഒരു വശത്തു വാശിയേറിയ മത്സരത്തോട് വള്ളംകളി നടക്കുമ്പോൾ മറ്റ് സ്റ്റേജുകളിൽ കേരളപ്പൂരത്തിന്റെ ഭാഗമായി നടന്ന യുക്മ തെരേസാസ് ഓണച്ചന്തം പരിപാടിയും അതോടൊപ്പം തന്നെ കേരളത്തിലെ തനതായ നാടൻ കലാരൂപങ്ങളും അരങ്ങു തകർക്കുകയായിരുന്നു. മലയാളി സുന്ദരി വിജയികൾക്ക് സെലിബ്രിറ്റി ഗസ്റ്റായ പ്രശസ്ത ചലച്ചിത്ര താരം നേഹ സക്സേന പുരസ്കാരങ്ങൾ സമ്മാനിച്ചു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി തന്റെ പ്രസംഗത്തിൽ ഫൊക്കാനയുടെ ആശംസകൾ നേരുകയും, യുക്മയുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതിന്റെ ആവിശ്യം എടുത്തു പറയുകയും ചെയ്തു. അഡ്വ. എബി സെബാസ്റ്റ്യൻ, ജയകുമാർ നായർ, ഷിജോ വർഗീസ് തുടങ്ങിയവയുടെ നേതൃത്വത്തിൽ യുക്മ നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയം ആണെന്നും സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

ഫൊക്കാന മെഡിക്കൽ കാർഡും പ്രിവിലേജ് കാർഡും ഓണ സമ്മാനമായി യുക്മയുമായി സഹകരിച്ചു യൂ.കെ മലയാളികൾക്ക് കൂടി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ വ്യാപിപ്പിക്കുവാനും ഫൊക്കാനക്ക് സന്തോഷമേ ഉള്ളു എന്ന് അദ്ദേഹം അറിയിച്ചു.

ലോകത്തിൽ ഉള്ള മലയാളീ സംഘടനകളെ ഒരേ കുടക്കീഴിൽ കൊണ്ടുവരുക എന്നത് ഫൊക്കാനയുടെ ഒരു വിഷൻ കൂടിയാണ് എന്ന് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു. കേരളത്തിൽ നിന്നും മലയാളികൾ ലോകമെമ്പാടും വസിക്കുമ്പോഴും അവരെ ഒന്നിപ്പിക്കുകയും പൊതുവായ കാര്യങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുക എന്നത് ഫൊക്കാനയുടെ പ്രഖ്യാപിത ലക്ഷ്യമാണ്. ലോകത്തിലുള്ള മലയാളീ സംഘടനകളെ ഒരു കുടക്കീഴിൽ എത്തിക്കുകയും, ലോകമെമ്പടുമുള്ള മലയാളികളുടെ ഒരു എകീകരണമാണ് ഫൊക്കാന ഇതിലൂടെ ലക്ഷ്യം വെക്കുന്നതെന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.



*സ്നേഹതീരം എന്ന പേരിൽ അറിയപ്പെടുന്ന ഗുഡ് സമരിറ്റൻ കമ്മ്യൂണിറ്റിയുടെ ആദ്യ ഓണാഘോഷത്തിൽ നിന്നും*

# ചിക്കാഗോ മലയാളി അസോസിയേഷൻ വാർഷിക പൊതുയോഗവും ഫോമ ഫൊക്കാന പ്രതിനിധികളുടെ തെരഞ്ഞെടുപ്പും ഒക്ടോബർ 26ന്

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷൻ വാർഷിക പൊതുയോഗവും ഫോമ, ഫൊക്കാന പ്രതിനിധികളുടെ തെരഞ്ഞെടുപ്പും ഒക്ടോബർ 26ന് 3ന് അസോസിയേഷൻ ഹാളിൽ നടക്കും.

പുതിയ ഭരണസമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞയും ചുമതല കൈമാറൽ ചടങ്ങും ഇതിനോടനുബന്ധിച്ച് നടക്കും.

ഫോമ, ഫൊക്കാന പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ താല്പര്യമുള്ളവർ നിശ്ചിത അപേക്ഷ ഫോറത്തിൽ 50 ഡോളർ ഫീസ് സഹിതം ഒക്ടോബർ 18ന് വൈകിട്ട് ആറിനകം സെക്രട്ടറിക്ക് നോമിനേഷനുകൾ സമർപ്പിക്കേണ്ടതാണെന്ന് പ്രസിഡന്റ് ജസീ റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട് എന്നിവർ അറിയിച്ചു.

# ട്രിനിറ്റി മാർത്തോമാ ഇടവക മിഷൻ കൺവെൻഷൻ 18 മുതൽ

**– ജീമോൻ റാന്നി**



ഹൂസ്റ്റൺ: ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമാ ഇടവകയിലെ ഇടവക മിഷന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ കൺവെൻഷൻ 18,19,20 തീയതികളിൽ നടത്തപ്പെടും.

ട്രിനിറ്റി ദേവാലയത്തിൽ വച്ച് നടത്തപ്പെടുന്ന കൺവെൻഷൻ യോഗങ്ങൾ ഇടവക ഗായകസംഘത്തിന്റെ ഗാനശുശ്രൂഷയോടുകൂടി വൈകുന്നേരം 7 മണിയ്ക്ക് ആരംഭിയ്ക്കും.

പ്രമുഖ ദൈവശാസ്ത്ര ചിന്തകനും, കൺവെൻഷൻ പ്രസംഗകനും, മിഷൻസ് ഇന്ത്യ സ്ഥാപകനും ചെയർമാനുമായ ഡോ. ജോർജ് ചെറിയാൻ (തിരുവല്ല) ദൈവവചന പ്രഘോഷണത്തിനു നേതൃത്വം നൽകും.

കൺവെൻഷൻ യോഗങ്ങളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും സന്തോഷപൂർവം ക്ഷണിക്കുന്നതായി ഇടവക മിഷൻ ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്,

റവ. ജിജു.എം. ജേക്കബ് (വികാരി) 832 898 8699, റവ.ജീവൻ ജോൺ (അസി. വികാരി) 713 408 7394, ജോൺ കുരുവിള (വൈസ് പ്രസിഡണ്ട്) 281 615 7603, എബ്രഹാം ഇടിക്കുള (സെക്രട്ടറി) 713 614 9381, ബാബു റ്റി. ജോർജ് (ട്രഷറർ) 281 723 1606.

# എഡ്മിന്റൻ മഞ്ചാടി മലയാളം സ്കൂളിന്റെ പ്രവേശനോത്സവം നടന്നു

**– ജോസഫ് ജോൺ കാൽഗറി**

എഡ്മിന്റൻ: മലയാളം മിഷനുമായി ചേർന്ന് പ്രവർത്തിക്കുന്ന എഡ്മിന്റനിലെ മഞ്ചാടി മലയാളം (ഹൈബ്രിഡ്) സ്കൂളിന്റെ ഈ വർഷത്തെ പ്രവേശനോത്സവം ഭംഗിയായി നടന്നു.

സ്കൂൾ കോർഡിനേറ്റർ അമ്പിളി സാജു, പഠിതാക്കളെയും, മാതാപിതാക്കളേയും സ്വാഗതം ചെയ്തുകൊണ്ട്, ഈവർഷത്തെ പാഠ്യപദ്ധതിയെക്കുറിച്ചു വിശദീകരിച്ചു. മലയാളം മിഷൻ കാനഡ കോർഡിനേറ്റർ ജോസഫ് ജോൺ കാൽഗറി ഇന്നത്തെ കാലത്ത് മലയാളം പഠിച്ചിരിക്കേണ്ടതിനെക്കുറിച്ചു വിശദീകരിച്ചു. സന്ധ്യ ദേവി ടീച്ചർ ആശംസാ പ്രസംഗം നടത്തി. ഡോക്ടർ പി.വി ബൈജു നന്ദി രേഖപ്പെടുത്തി.

# നവനി സ്കൂൾ ഓഫ് ഡാൻസിൽ അരങ്ങേറ്റം

കാൽഗറി സ്കൂൾ ഓഫ് ആർട്സിലെ പഠിതാക്കളുടെ അരങ്ങേറ്റം 'പ്രാരംബ്' സെപ്റ്റംബർ 20 ശനിയാഴ്ച വൈകിട്ട് 6ന് ക്രിസ്ത്യൻ അക്കാദമിയിൽ നടക്കും.

കലയുടെ സൗന്ദര്യവും നാട്യത്തിന്റെ ചടുലതയും സംയോജിപ്പിച്ച് താളമേളങ്ങളോടെയാണ് പരിപാടികൾ അരങ്ങേറുന്നത്. 2013 കാൽഗറിയിൽ ആരംഭിച്ച നവനീ സ്കൂൾ ഓഫ് ആർട്സിന്റെ അധ്യാപിക ഗീതു പ്രശാന്തിന്റെ മാർഗ്ഗദർശനത്തിൽ പരിശീലനം നേടിയ വിദ്യാർത്ഥികളുടെ ഭരതനാട്യം അരങ്ങേറ്റം, മുതിർന്നവർ എല്ലാവരും ചേർന്ന് ഒരുക്കുന്ന കലാസന്ധ്യയിലേക്ക് കലാസ്വാദകരെ സ്വാഗതം ചെയ്യുന്നു.

# ശ്രീനാരായണ മിഷൻ സെന്റർ വാഷിംഗ്ടൻ ഡിസി ഗുരുദേവ ജയന്തിയും ഓണവും ആഘോഷിച്ചു

**– സന്ദീപ് പണിക്കർ**

അമേരിക്കയുടെ തലസ്ഥാനമായ വാഷിംഗ്ടൻ ഡിസി ഇരുപത്തഞ്ചു വർഷത്തോളമായി പ്രവർത്തിക്കുന്ന ശ്രീനാരായണ മിഷൻ ഗുരു ജയന്തിയും ഓണാഘോഷവും നടത്തി.

മെരിലാൻഡ് സംസ്ഥാനത്തെ സിൽവർ സ്പ്രിംഗ് ഓഡേസ ഷാനോൻ മിഡിൽ സ്കൂളിൽ വിഭവ സമൃദ്ധമായ ഓണസദ്യയോടെ ആരംഭിച്ച ആഘോഷ പരിപാടികളിൽ ജാതിമതഭേദമന്യേ ഒരു വലിയ ജനാവലി പങ്കെടുത്തു.

ചെറിയ കുട്ടികൾ മുതൽ മുതിർന്നവർ വരെ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ, അതിമനോഹരമായ തിരുവാതിര, ഫാഷൻ ഷോ എന്നിവ ആഘോഷത്തിന്റെ പ്രത്യേകത ആയിരുന്നു.

സന്ദീപ് പണിക്കർ മുഖ്യപ്രഭാഷണം നടത്തി. ഗുരുജയന്തി ദിനത്തിൽ സമൂഹ്യമാധ്യമങ്ങളിലൂടെ പ്രകാശനം ചെയ്ത വന്ദനം മഹാഗുരോ എന്ന ഗുരുദേവ കീർത്തനം രചിച്ച പ്രസാദ് നായരെ ചടങ്ങിൽ പൊന്നാട അണിയിച്ചു ആദരിച്ചു. ഈ വർഷം വിവിധ വിദ്യാലയങ്ങളിൽ നിന്ന് ബിരുദം നേടിയ വിദ്യാർഥികൾക്ക് അവാർഡുകൾ വിതരണം ചെയ്തു.

കുട്ടികളെ ബാധിക്കുന്ന മസ്തിഷ്ക അപചയ ജനിതക രോഗങ്ങൾക്ക് ചികിൽസ കണ്ടെത്തുന്നതിൽ ഗവേഷണം നടത്തുന്ന ഡോ. അഭിലാഷ് അപ്പു, ഡോ. നിഷ പ്ലാവേലിൽ ദമ്പതിമാരെ പ്രത്യേകമായി ആദരിച്ചു.

പ്രസിഡന്റ് പ്രേംജിത്ത് ശിവപ്രസാദ് സ്വാഗതവും, സെക്രട്ടറി നീതു ഫൽഗുനൻ നന്ദിയും പറഞ്ഞു. അനുപമ പ്രേംജിത്ത്, നിഷ അഭിലാഷ്, നൻമ ജയൻ എന്നിവർ പ്രോഗ്രാം എംസികൾ ആയിരുന്നു.

# അമേരിക്കയിൽ വീണ്ടും കഥകളിയുടെ കേളികൊട്ട് ഉയരുന്നു








**– സാജൻ മൂലപ്ലാക്കൽ**

കലിഫോണിയ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന തപസ്യ ആർട്സ് സാൻഫ്രാൻസിസ്കോ കലാ സംഘടനയുടെ വിവിധ ഇടങ്ങളിൽ കേരളത്തിൽ നിന്നുള്ള കഥകളി സംഘം കഥകളി അവതരിപ്പിക്കുന്നു.

സെപ്റ്റംബർ 13ന് അമേരിക്കയുടെ തലസ്ഥാനം ആയ വാഷിംഗ്ടൺ ഡി.സിയിൽ ഇതിനു തുടക്കമാകും. തുടർന്ന് ഇരുപതോളം വേദികളിൽ കഥകളിയുടെ വിസ്മയമാർന്ന അവതരണങ്ങൾക്കുശേഷം നവംബർ 9ന് അറ്റ്ലാന്റയിൽ സമാപിക്കും.

ഡാലസ്, ന്യൂജേഴ്സി, ന്യൂയോർക്ക്, സാൻഫ്രാൻസിസ്കോ, സാക്രമെന്റോ, സിയാറ്റിൽ, പോർട്ട് ലാൻഡ്, ഡിട്രോയിറ്റ്, ചിക്കാഗോ, സെന്റ് ലൂയിസ് തുടങ്ങിയ നഗരങ്ങളിൽ ആണ് മറ്റു വേദികൾ.

തപസ്യ ആർട്സിനോടൊപ്പം ഈ നഗരങ്ങളിലെ കലാ സാംസ്കാരിക സംഘടനകളും സ്ഥാപനങ്ങളും സംയുക്തമായിട്ടാണ് കഥകളി സംഘടിപ്പിക്കുന്നത്.

കലാമണ്ഡലം മനോജ്, രാജീവ് കോട്ടക്കൽ, മധു കലാമണ്ഡലം, ശിവദാസ് കോട്ടയ്ക്കൽ, ഹരികുമാർ, റോഷിനി പിള്ള, സദനം ജ്യോതിഷ് ബാബു, കലാമണ്ഡലം വേണു, പേരൂർ മനോജ്, ജിഷ്ണു ഒരുപുലാശ്ശേരി, കലാനിലയം ശ്രീജിത്ത്, സുന്ദരൻ സദനം, ജിതിൻ എന്നിവരാണ് സംഘത്തിലുള്ളത്.

ദുര്യോധനവധം, ദക്ഷയാഗം, സന്താനഗോപാലം, കുചേലവൃത്തം, കർണവധം, കിരാതം തുടങ്ങി വ്യത്യസ്തമായ നിരവധി കഥകൾ ഈ സംഘം അവതരിപ്പിക്കും. അനുഗ്രഹീത ഗായകനായ കോട്ടക്കൽ മധുവിന്റെ നേതൃത്വത്തിൽ സംഗീത പരിപാടികളും വിവിധ വേദികളിൽ അരങ്ങേറും.

തപസ്യ സാൻഫ്രാൻസിസ്കോ പ്രസിഡന്റ് മധു മുകുന്ദൻ, സെക്രട്ടറി സജീവ് പിള്ള, ട്രഷറർ അനിൽ നായർ, രക്ഷാധികാരി സജൻ മൂലപ്ലാക്കൽ എന്നിവർ അടങ്ങുന്ന സംഘമാണ് കേരളീയം 2025ന് നേതൃത്വം നൽകുന്നത്.

ലേഖനങ്ങളും കഥാസംഗ്രഹങ്ങളും കലാകാരന്മാരുടെ അനുഭവങ്ങളും ഉൾപ്പെടുന്ന കേളീരവം 2025 സുവനീറിന്റെ പ്രകാശനവും നടക്കും.

കൂടുതൽ വിവരങ്ങൾക്ക്
Email: admin@thapasyaarts.com

# വൈവിധ്യമാർന്ന ദൃശ്യവിരുന്നൊരുക്കി ഡാളസ് കേരള അസോസിയേഷൻ ഓണമാഘോഷിച്ചു



**– പി പി ചെറിയാൻ**

ഡാളസ്: വൈവിധ്യമാർന്ന ദൃശ്യവിരുന്നിനു വേദിയൊരുക്കി ഡാളസ് കേരള അസോസിയേഷൻ സംഘടിപ്പിച്ച ഓണാഘോഷം ആകർഷകമായി. സെപ്റ്റംബർ 6ന് രാവിലെ 10ന് മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ഹാളിൽ ഓണാഘോഷം നടത്തി.

പ്രദീപ് നാഗനൂലിൽ (പ്രസിഡന്റ്) അധ്യക്ഷത വഹിച്ച ഓണാഘോഷ പരിപാടിയിൽ ഫാർമസ്യൂട്ടിക്കൽ മാനുഫാക്ചറേഴ്സ് അസോസിയേഷൻ ഉക്രെയ്ൻ പ്രസിഡന്റായ ഡോ.യു.പി ആർ. മേനോൻ ഓണസന്ദേശം നൽകി

കളരി, മോഹിനിയാട്ടം, കേരളനടനം, മാർഗ്ഗംകളി, ഒപ്പന, തെയ്യം, കഥകളി, പുലിക്കളി, ഓട്ടൻതുള്ളൽ തുടങ്ങിയ കേരളത്തിന്റെ തനതായ കലാരൂപങ്ങൾ വേദിയിൽ അവതരിപ്പിച്ചു.

വള്ളം കളി, നാടൻനൃത്തം, വർണച്ചുവട് തുടങ്ങിയ മനോഹരമായ നൃത്തപരിപാടികളും നടന്നു.

സുബി ഫിലിപ്പ് (ആർട്ട്സ് ഡയറക്ടർ), മഞ്ജിത് കൈനിക്കര (സെക്രട്ടറി), ദീപക് നായർ, മാത്യു നൈനാൻ, ജയ്സി ജോർജ്, വിനോദ് ജോർജ്, ബേബി കൊടുവത്ത്, ദീപു രവീന്ദ്രൻ, അനശ്വർ മാമ്പിള്ളി, ഡിംപിൾ ജോസഫ്, സാബു മാത്യു, ഫ്രാൻസിസ് അംബ്രോസ്, തോമസ് ഈശോ, നെബു കുര്യാക്കോസ്, ടോമി നെല്ലുവേലിൽ, ഷിബു ജെയിംസ്, സിജു വി. ജോർജ്, ഷിജു എബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകി.



*ശ്രീനാരായണ മിഷൻ ഗുരു ജയന്തി– ഓണാഘോഷത്തിൽ നിന്നും*

16 September - **Malaysia Day:** Malaysia Day is celebrated on 16 September and is also known as 'Hari Malaysia'. On 16 September 1963, the former British colony of Singapore and the East Malaysian states of Sabah and Sarawak joined the Federation of Malaya to generate the Malaysian Federation.

16 September - **World Ozone Day:** World Ozone Day is observed on 16 September annually. On this day in 1987, the Montreal Protocol was signed. Since 1994, World Ozone Day has been celebrated which was established by the United Nations General Assembly. This day reminds people about the depletion of the Ozone Layer and to find solutions to preserve it.

17 September - **World Patient Safety Day:** The day is observed on 17 September. It was established by the 72nd World Health Assembly in May 2019, following the adoption of resolution WHA72.6 on ' Global action on patient safety'.

17 September- **PM Narendra Modi's Birthday:** Prime Minister Narendra Modi is celebrating his 73rd birthday on September 17, 2023. He is the leader of the Bharatiya Janata Party (BJP) and the 15th Prime Minister of India. He was born on September 17, 1950, in Gujarat's Vadnagar.

## നായർ ബനവലന്റ് അസോസിയേഷന്റെ ഓണാഘോഷം വർണ്ണാഭമായി

**– ജയപ്രകാശ് നായർ**

ന്യൂയോർക്ക്: നായർ ബനവലന്റ് അസോസിയേഷന്റെ ഓണാഘോഷം വർണ്ണാഭമായി. സെപ്തംബർ 7 ഞായറാഴ്ച ക്വീൻസിലെ ഗ്ലെൻ ഓക്സിലുള്ള പി.എസ്. 115 ഓഡിറ്റോറിയത്തിൽ രാവിലെ 11 മുതൽ വൈകിട്ട് 6 വരെയായിരുന്നു പരിപാടികൾ.

താലപ്പൊലിയുടെയും ചെണ്ടമേളത്തിന്റെയും അകമ്പടിയോടെ മാവേലിത്തമ്പുരാനെ വേദിയിലേക്ക് എതിരേറ്റു. പ്രഥമ വനിത വത്സ കൃഷ്ണ, പ്രസിഡന്റ് ക്രിസ് പിള്ള തോപ്പിൽ, കൗൺസിൽമാൻ എഡ് ബ്രോൺസ്റ്റൈൻ, ട്രസ്റ്റീ ബോർഡ് ചെയർപേഴ്സൺ വനജ നായർ, വനിത ഫോറം ചെയർ രാധാമണി നായർ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി ആദ്യത്തെ സെഷൻ ആരംഭിച്ചു. ശബരീനാഥ് നായർ പ്രാർത്ഥനാഗാനം ആലപിച്ചു.

ജോയിന്റ് സെക്രട്ടറി രത്നമ്മ നായർ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ക്രിസ് പിള്ള തോപ്പിൽ പുതിയ അംഗങ്ങളെ പരിചയപ്പെടുത്തി.

ഓണാഘോഷത്തിൽ പങ്കെടുക്കാനെത്തിയ സഹോദര സംഘടനകളായ മഹിമ, എസ്.എൻ.എ., മറ്റു മലയാളി അസോസിയേഷനുകളുടെ ഭാരവാഹികൾക്ക് പ്രസിഡന്റ് നന്ദി പറഞ്ഞു.

വിശിഷ്ടാതിഥിയായി ഓൺലൈനിലൂടെ ഓണസന്ദേശം നൽകിയ ഡോ.ലതാ ചന്ദ്രൻ എൻ.ബി.എയുടെ മുൻ പ്രസിഡന്റുമാണ്. ചിത്രജാ ചന്ദ്രമോഹൻ വിശിഷ്ടാതിഥിയെ സദസ്സിനു പരിചയപ്പെടുത്തി.

മുഖ്യാതിഥിയായ കൗൺസിൽമാൻ എഡ് ബ്രോൺസ്റ്റൈനെ കോശി ഒ. തോമസ് പരിചയപ്പെടുത്തി. കൗൺസിൽമാൻ എഡ് ബ്രോൺസ്റ്റൈൻ, ഓണാഘോഷത്തിൽ പങ്കെടുക്കുവാൻ സാധിച്ചതിലുള്ള സന്തോഷം രേഖപ്പെടുത്തുകയും എല്ലാവർക്കും ഓണത്തിന്റെ മംഗളങ്ങൾ നേരുകയും ചെയ്തു .

ട്രസ്റ്റീ ബോർഡ് ചെയർപേഴ്സൺ വനജ നായർ വാമന ജയന്തിയും ഓണവുമായിട്ടെങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശദീകരിച്ചു.

51 വർഷവും വിവിധ വേദികളിൽ തുടർച്ചയായി മഹാബലി വേഷം കെട്ടിയ അപ്പുക്കുട്ടൻപിള്ള ഗിന്നസ് ബുക്കിൽ ഇടം നേടുന്നു. അസോസിയേഷനിലെ പെൺകുട്ടികൾ ഊർമ്മിള റാണി നായരുടെ നേതൃത്വത്തിൽ തിരുവാതിര അവതരിപ്പിച്ചു.

അംഗങ്ങൾ സ്വവസതിയിൽ വച്ച് പാചകം ചെയ്തു കൊണ്ടുവന്ന് തൂശനിലയിട്ടു വിളമ്പിയ ഓണസദ്യ ഹൃദ്യമായി. സുശീലാമ്മ പിള്ള സദ്യ ഒരുക്കുന്നതിന് നേതൃത്വം നൽകി.

സദ്യക്കുശേഷം രണ്ടാം സെഷൻ ആരംഭിച്ചു. കലാപരിപാടികൾ നിയന്ത്രിച്ചത് ഊർമ്മിള റാണി നായർ ആയിരുന്നു. രേവതി രാമാനുജനും വത്സ കൃഷ്ണയും എം.സിമാരായിരുന്നു.

നൂപുര ആർട്സിലെ ലക്ഷ്മി നായരുടെ ശിക്ഷണത്തിൽ പഠിച്ച കുട്ടികളുടെ അര മണിക്കൂർ നീണ്ടുനിന്ന സംഘനൃത്തനാടകം, ലതിക ഉണ്ണിയുടെ ശിക്ഷണത്തിൽ വന്ന കുട്ടികളുടെ നൃത്തനൃത്യങ്ങളും അരങ്ങേറി.

നൂപുരാ ഡാൻസ് സ്കൂളിലെ ഗുരു രവീന്ദ്രനാഥ് കുറുപ്പ് (ഒ.എൻ.വി.കുറുപ്പിന്റെ സഹോദര പുത്രനാണ്), നൃത്താധ്യാപികമാരായ ചന്ദ്രികാ കുറുപ്പ്, ലക്ഷ്മി കുറുപ്പ് എന്നിവരെ ആദരിച്ചു.

ശബരീനാഥ് നായർ, രവി നായർ, പ്രേംകൃഷ്ണ, ഹിമാ നായർ എന്നിവർ ഗാനങ്ങളും കുന്നപ്പള്ളിൽ രാജഗോപാൽ , രാധാമണി നായർ എന്നിവർ കവിതകളും ആലപിച്ചു. രേവതി രാമാനുജനും ഭർത്താവ് മനു രാഘവനും ചേർന്ന് ശാസ്ത്രീയസംഗീതം അ വതരിപ്പിച്ചു.

കഥാകൃത്തും കേരള സാഹിത്യ അക്കാഡമി അവാർഡ് ജേതാവും മിമിക്രി കലാകാരനുമായ സുനീഷ് വാരനാട് നാടൻ പാട്ട് അവതരിപ്പിച്ചു.

വൈസ് പ്രസിഡന്റ് ഡോ.ചന്ദ്രമോഹൻ നന്ദി പറഞ്ഞു.

## ഹൂസ്റ്റണിൽ വമ്പൻ ഓണാഘോഷം ഒരുക്കി മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ



**– സുജിത്ത് ചാക്കോ**

ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ ഓഗസ്റ്റ് 30ന് ശനിയാഴ്ച വലിയ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. മിസോറി സിറ്റിയിലുള്ള സെന്റ് ജോസഫ് ഹാളിൽ വമ്പിച്ച ജനാവലിയാണ് ഓണാഘോഷത്തിൽ പങ്കെടുത്തത്.

രാവിലെ 10ന് സാംസ്കാരിക പരിപാടികൾ ആരംഭിച്ചു. 10.45ന് സാംസ്കാരിക ഘോഷയാത്ര നടത്തപ്പെട്ടു. പ്രസിഡന്റ് ജോസ് കെ. ജോൺ, സെക്രട്ടറി രാജേഷ് വർഗീസ്, ട്രഷറർ സുജിത്ത് ചാക്കോ, പ്രോഗ്രാം കോഡിനേറ്റർ രേഷ്മ വിനോദ്, മാഗ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗങ്ങൾ, ട്രസ്റ്റീ ബോർഡ് അംഗങ്ങൾ എന്നിവരും ചേർന്ന് സാംസ്കാരിക ഘോഷയാത്രയ്ക്ക് നേതൃത്വം നൽകി. തെയ്യവും തിറയും പുലികളിയും താലപ്പൊലിയേന്തി നൂറോളം വനിതകളും ബാലികമാരും അകമ്പടിയായി ചെണ്ടമേളവും അതിഥികളും ജനങ്ങളും ചേർന്ന് മാവേലിമന്നനെ വരവേറ്റു.

തുടർന്ന് സാംസ്കാരിക സമ്മേളനം ആരംഭിച്ചു. കോൺസുൽ ജനറൽ ഓഫ് ഇന്ത്യ ഹൂസ്റ്റൺ ഡി സി മഞ്ജുനാഥ് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡന്റ് ജോസ് കെ. ജോൺ, സെക്രട്ടറി രാജേഷ് വർഗീസ്, ട്രഷറർ സുജിത്ത് ചാക്കോ, ട്രസ്റ്റി ബോർഡ് ചെയർമാൻ ജിമ്മി കുന്നശ്ശേരി എന്നിവർക്കൊപ്പം ഫോർട്ട്ബെൻഡ് കൗണ്ടി ജഡ്ജ് കെ.പി.ജോർജ്, ജഡ്ജ് ജൂലി മാത്യു, ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഷുഗർലാൻഡ് മേയർ കരോൾ കെ. മക്കഡ്ചെയോൻ, മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, ക്യാപ്റ്റൻ മനോജ് പൂപ്പാറയിൽ തുടങ്ങിയവരും തിരിതെളിയിച്ചു. പ്രോഗ്രാം കോഡിനേറ്റർ രേഷ്മ വിനോദ്, മറ്റ് ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ബോർഡ് ഓഫ് ട്രസ്റ്റിസ്, ബിൽഡിംഗ് കമ്മിറ്റി ചെയർമാൻ ശശിധരൻ നായർ, വൈദിക ശ്രേഷ്ഠർ, ഗുരുവായൂരപ്പൻ ക്ഷേത്രം ശ്രീനാരായണഗുരു മിഷൻ, ഇന്ത്യൻ ക്രിസ്ത്യൻ ഇക്യുമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ തുടങ്ങിയവയുടെ പ്രതിനിധികളും വേദിയിൽ സന്നിഹിതരായിരുന്നു.

സെക്രട്ടറി രാജേഷ് വർഗീസ് സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ജോസ് കെ. ജോൺ അധ്യക്ഷത വഹിച്ചു. മുഖ്യാതിഥി കോൺസുൽ ജനറൽ ഓഫ് ഇന്ത്യ ഹൂസ്റ്റൺ ഡി സി മഞ്ജുനാഥ് ഉദ്ഘാടനപ്രസംഗത്തിൽ എല്ലാ കേരളീയർക്കും ഓണാശംസകൾ നേർന്നു.

മികച്ച കലാകാരന്മാർ അണിനിരന്ന കലാവിരുന്ന് അരങ്ങേറി. ഓണത്തോട് അനുബന്ധിച്ചുള്ള സംഘനൃത്തമായ തിരുവാതിരകളിയിൽ രേഷ്മ വിനോദിന്റെ നേതൃത്വത്തിൽ ഇരുപതോളം കലാകാരികൾ പങ്കെടുത്തു. കേരളത്തിന്റെ തനത് കലാരൂപങ്ങളായ കഥകളി, മാർഗംകളി, ഒപ്പന എന്നിവയും അവതരിപ്പിക്കപ്പെട്ടു. ഡോക്ടർ അർച്ചന നായർ, ക്രിസ്റ്റൽ ടെന്നിസ്സൺ എന്നിവരുടെ നേതൃത്വത്തിൽ കഥകളി അരങ്ങേറി.

ഓണച്ചമയം പുത്തൻ അനുഭവമായി. കേരളത്തിന്റെ തനത് നൃത്തരൂപമായ മോഹിനിയാട്ടം മറ്റ് ഭാരതീയ ശാസ്ത്രീയ നൃത്ത രൂപങ്ങളായ ഭരതനാട്യം, കുച്ചുപ്പുടി, അർദ്ധ ശാസ്ത്രീയ നൃത്തരൂപങ്ങൾ എന്നിവയും കൊണ്ട് സമ്പന്നമായിരുന്നു വേദി. 42 കലാപരിപാടികളിലായി ഇരുന്നൂറോളം കലാകാരന്മാർ പങ്കെടുത്തു.

ഹൂസ്റ്റണിലെ കായിക മേഖലയിൽ നൽകിയ മികച്ച സംഭാവനകൾക്ക് മാഗ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി റജി ജോണിനെ ആദരിച്ചു. മെഡൽ ഓഫ് വാലർ നേടിയ ക്യാപ്റ്റൻ മനോജ് പൂപ്പാറയിലിനെയും ചടങ്ങിൽ ആദരിക്കുകയുണ്ടായി. പരിപാടികൾ വിജയകരമായി കോർത്തിണക്കിയത് പ്രോഗ്രാം കോഡിനേറ്റർ രേഷ്മ വിനോദും വിഘ്നേഷ് ശിവനും ആണ്. ആൻസി ക്രിസ്, മിഖായേൽ ജോയ് (മിക്കി), സജി പുല്ലാട്, അനിൽ ജനാർദ്ദനൻ എന്നിവരുടെ അവതരണം പരിപാടിയുടെ വിജയത്തിനായി സഹായിച്ചു.

വയനാട് മുണ്ടക്കൈ ചൂരൽമലയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട ഷഹീദിനും കുടുംബത്തിനും വയനാട് പുൽപ്പള്ളിയിൽ ഏഴര ലക്ഷം രൂപ ചിലവിൽ വീട് ഒരുങ്ങുന്നതായി ഭാരവാഹികൾ അറിയിച്ചു. വീടുപണി നവംബറിൽ പൂർത്തിയാകും.

നൂപുര സ്കൂൾ ഓഫ് ഡാൻസ്, സ്പാർക്ക്, സിനി മുദ്രാ സ്കൂൾ ഓഫ് ആർട്സ്, റിഥം ഇന്ത്യ എന്നീ ഡാൻസ് സ്കൂളുകളുടെ നൂറു കണക്കിന് കുട്ടികൾ വിവിധ കലാപരിപാടികളിൽ പങ്കെടുത്തു. ഹൂസ്റ്റണിലെ മികച്ച ഗായകരുടെ ഗാനങ്ങളും ആസ്വാദ്യകരമായി. അത്തപ്പൂക്കളവും ഒരുക്കിയിരുന്നു.

മികച്ച കർഷകർക്ക് വേണ്ടി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ആയി ക്യാഷ് അവാർഡുകളും ഫലകങ്ങളും സമ്മാനിച്ചു. പഞ്ചഗുസ്തി മത്സര വിജയികൾക്കുള്ള സമ്മാനദാനവും നടന്നു. ട്രഷറർ സുജിത്ത് ചാക്കോ നന്ദി രേഖപ്പെടുത്തി.

മാത്യൂസ് ചാണ്ടപ്പിള്ള, ക്രിസ്റ്റഫർ ജോർജ്, സുനിൽകുമാർ തങ്കപ്പൻ, ജോസഫ് കുനതാൻ (തങ്കച്ചൻ), വിഘ്നേഷ് ശിവൻ, അലക്സ് മാത്യു, പ്രബിത് മോൻ വെള്ളിയാൻ, റീനു വർഗീസ്, മിഖായേൽ ജോയ് (മിക്കി), ബിജോയ് തോമസ്, ജോൺ ഡബ്ല്യു വർഗീസ്, മോൻസി കുര്യാക്കോസ് എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.



*ന്യൂയോർക്ക് നായർ ബനവലന്റ് അസോസിയേഷന്റെ ഓണാഘോഷത്തിൽ നിന്നും*

# ഇന്ത്യയിലെ പുതിയ കനേഡിയൻ ഹൈക്കമ്മീഷണറായി ക്രിസ്റ്റഫർ കൂറ്റർ നിയമിതനായി

**- പി പി ചെറിയാൻ**



ഒട്ടാവ: ഉലഞ്ഞ നയതന്ത്ര ബന്ധം പുനസ്ഥാപിക്കുന്നതിന്റെ ഭാഗമായി, കാനഡ ഇന്ത്യയിലെ പുതിയ ഹൈക്കമ്മീഷണറായി മുതിർന്ന നയതന്ത്രജ്ഞനായ ക്രിസ്റ്റഫർ കൂറ്ററെ നിയമിച്ചു. പത്ത് മാസങ്ങൾക്ക് മുൻപ് ഇരു രാജ്യങ്ങളും നയതന്ത്രജ്ഞരെ പുറത്താക്കിയതിന് ശേഷം ആദ്യമായാണ് ഇത്തരത്തിൽ ഒരു നിയമനം നടക്കുന്നത്.

പുതിയ ഹൈക്കമ്മീഷണറെ നിയമിച്ചതായി കനേഡിയൻ വിദേശകാര്യ മന്ത്രി അനിത ആനന്ദ് സ്ഥിരീകരിച്ചു. കാനഡയിലെ ഇന്ത്യയുടെ അടുത്ത ഹൈക്കമ്മീഷണറായി മുതിർന്ന നയതന്ത്രജ്ഞൻ ദിനേശ് കെ. പട്നായിക്കിനെ നേരത്തെ നിയമിച്ചതായി ഇന്ത്യയുടെ വിദേശകാര്യ മന്ത്രാലയം അറിയിച്ചിരുന്നു.

1990ൽ കാനഡയുടെ വിദേശകാര്യ, അന്താരാഷ്ട്ര വ്യാപാര വകുപ്പിൽ ചേർന്ന ക്രിസ്റ്റഫർ കൂറ്റർ, കെനിയയിലും ഇന്ത്യയിലും പൊളിറ്റിക്കൽ ഓഫീസറായും കംബോഡിയയിൽ ചാർജ് ഡി അഫയേഴ്സായും നാറ്റോയിലെ ഡെപ്യൂട്ടി പെർമനന്റ് റെപ്രസന്റേറ്റീവായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ നൈജീരിയ, ദക്ഷിണാഫ്രിക്ക, തുർക്കി, ജോർജിയ, മഡഗാസ്കർ തുടങ്ങിയ രാജ്യങ്ങളിൽ ഹൈക്കമ്മീഷണറായും അംബാസഡറായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

# പി.സി. മാത്യു ഗാർലാൻഡ് സിറ്റി ടാക്സ് ഇൻക്രിമെന്റ് ഫിനാൻസ് ബോർഡിൽ



ഡാളസ്: ഗാർലാൻഡ് മേയർ ഡിലൻ ഹെഡ്രിക്, മലയാളി സമൂഹത്തിന് അഭിമാനമായി പി.സി. മാത്യുവിനെ നഗരത്തിലെ ടാക്സ് ഇൻക്രിമെന്റ് ഫിനാൻസ് നമ്പർ 2 സൗത്ത് ബോർഡിലേക്ക് നിയമിച്ചു. ഓഗസ്റ്റ് 19ന് നടന്ന സിറ്റി കൗൺസിൽ യോഗത്തിലാണ് ഈ നിയമനം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. സൗത്ത് ഗാർലാൻഡിന്റെ പുനരുജ്ജീവനത്തിന് ലക്ഷ്യമിട്ടുള്ള ഈ ബോർഡിന്റെ കാലാവധി 2025 സെപ്റ്റംബർ 1 മുതൽ 2027 ഓഗസ്റ്റ് 31 വരെയാണ്.

നഗരത്തിന് നൽകിയ സംഭാവനകളെ മാനിച്ച് കൊണ്ടാണ് ഈ നിയമനമെന്ന് മേയർ കത്തിൽ വ്യക്തമാക്കി. മാത്യുവിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളെ അഭിനന്ദിച്ച മേയർ, അദ്ദേഹത്തിന്റെ കഴിവുകളിലും പ്രതിബദ്ധതയിലും തനിക്കും സിറ്റി കൗൺസിലിനും വലിയ വിശ്വാസമുണ്ടെന്ന് കൂട്ടിച്ചേർത്തു.

ഗ്ലോബൽ ഇന്ത്യൻ കൗൺസിലിന്റെ നിലവിലെ ഗ്ലോബൽ പ്രസിഡന്റായ പി.സി. മാത്യു, ഡാലസ് കേരള അസോസിയേഷൻ ഉൾപ്പെടെ നിരവധി സാമൂഹിക സാംസ്കാരിക സംഘടനകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഗാർലാൻഡ് സിറ്റി കൗൺസിൽ ഡിസ്ട്രിക്റ്റ് 3ലേക്കും മേയർ സ്ഥാനത്തേക്കും മത്സരിച്ച് ശ്രദ്ധേയനായ വ്യക്തി കൂടിയാണ് അദ്ദേഹം.

ഗാർലാൻഡിന്റെ സാമ്പത്തിക വളർച്ചക്കും പുനരുജ്ജീവനത്തിനും വേണ്ടി പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു എന്ന് നിയമനത്തിന് ശേഷം പി.സി. മാത്യു പ്രതികരിച്ചു. നഗരത്തെ താമസിക്കാനും ജോലി ചെയ്യാനും ബിസിനസ് നടത്താനും മികച്ച സ്ഥലമാക്കി മാറ്റാൻ ശ്രമിക്കും എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

18 September - **World Bamboo Day:** The day is observed on 18 September to increase awareness about bamboo globally.

19 September - **International Talk Like a Pirate Day:** International Talk Like a Pirate Day is celebrated on 19 September annually. The day encourages people to talk and dress like the sea plunderers of yesteryears.

# കാലിഫോർണിയയിൽ ചരിത്രം കുറിച്ച മങ്കയുടെ പൊന്നോണം



**- മാർട്ടിൻ വിലങ്ങോലിൽ**

കാലിഫോർണിയ: മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ (മങ്ക) പ്രസിഡന്റ് സുനിൽ വർഗ്ഗീസിന്റെ നേതൃത്വത്തിൽ ഓണാഘോഷം കാലിഫോർണിയയിൽ നടന്നു.

മലയാളിത്തനിമ നിറഞ്ഞ ഈ ആഘോഷത്തിൽ ഏകദേശം മൂവായിരം പേരോളം പങ്കെടുത്തു. നാടിന്റെ പൈതൃകവും സംസ്കാരവും, വിളിച്ചോതുന്ന കലാ പരിപാടികളും ഓണ പാട്ടുകളും പൂവിളികളും രുചിയൂറുന്ന ഭക്ഷണ വിഭവങ്ങളുമായി മധുര മനോഹരമായി പൊന്നോണം. റിയലെറ്റർ ഷാജു വർഗ്ഗീസ് ആയിരുന്നു ഗ്രാൻഡ് സ്പോൺസർ. സാൻ ഫ്രാൻസിസ്കോ ഡെപ്യൂട്ടി കോൺസൽ ജനറൽ രാകേഷ് അഡ്‌ലാഖ പരിപാടി ഉദ്ഘാടനം ചെയ്തു. എംഎൽഎയും മുൻ മന്ത്രിയുമായ മോൻസ് ജോസഫ് ആയിരുന്നു മുഖ്യാതിഥി.

കലാമണ്ഡലം ശിവദാസൻ വിശിഷ്ടാതിഥി ആയിരുന്നു. മുഖ്യ കോഓർഡിനേറ്റർ മേരിദാസൻ ജോസഫ് സ്വാഗതം പറഞ്ഞു. മലയാളിത്തനിമയോടെ മുപ്പതോളം വിഭവങ്ങളുമായി പഴയിടവും സിനോയ്സ് കിച്ചനും ചേർന്നൊരുക്കിയ പഴയിടം ഓണസദ്യയായിരുന്നു ആയിരങ്ങളെ ആകർഷിച്ച പ്രധാന ഇനം. മങ്ക ബോർഡ് ഓഫ് ഡയറക്ടേഴ്സ് ആയ സ്മിത രാമചന്ദ്രൻ, ലിസി ജോൺ എന്നിവർ കലാപരിപാടികൾക്ക് നേതൃത്വം നൽകി.

ഇന്ത്യൻ പെർഫോമിംഗ് ആർട്സ് സെന്റർ (ഐ പാക്) ഒരുക്കിയ ഗാനമേള ഏറെ അകർഷണീയമായിരുന്നു. മങ്ക ബോർഡ് ഓഫ് ഡയറക്ടർ ജോൺ പോൾ വർക്കി നന്ദി പറഞ്ഞു. കർമ്മ നിരതരും കഠിനാധ്വാനികളും ആയ മങ്ക ടീമിന്റെയും വള ണ്ടിയേഴ്സിന്റെയും അതിസൂക്ഷ്മമായ ആസൂത്രണ പാടവം ഒന്നുകൊണ്ട് മാത്രമാണ് ഇത്രയും നിറപ്പകിട്ടാർന്ന ഒരു പൊന്നോണം ബേ ഏരിയ മലയാളികൾക്ക് സമ്മാനിക്കാൻ സാധിച്ചത്.

പ്രസിഡന്റ് സുനിൽ വർഗ്ഗീസ് ഏവരെയും ഈ നിസ്വാർത്ഥ സേവനത്തിന് വ്യക്തിപരമായി അനുമോദനം അർപ്പിച്ച് ആദരിച്ചു. പ്രസിഡന്റ് സുനിൽ വർഗ്ഗീസിന്റെ നേതൃത്വത്തിൽ നടന്ന ഈ ഓണാഘോഷം മലയാളിത്തനിമയുടെ പ്രതീകമായി ബേ ഏരിയ മലയാളികളുടെ മനസ്സിൽ ഒരു മധുരമുള്ള ഓർമ്മയായി എന്നെന്നും നിലനിൽക്കും. ബിന്ദു ടിജി അറിയിച്ചതാണിത്.

# കെ.സി.എസ് ചിക്കാഗോ ഓണം 2025: സംസ്കാരത്തിന്റെയും സന്തോഷത്തിന്റെയും ഒരുമയുടെയും ആഘോഷം




ചിക്കാഗോ: സെപ്റ്റംബർ 7 ഞായറാഴ്ച വൈകുന്നേരം ഡെസ് പ്ലെയിൻസിലെ ക്നാനായ സെന്ററിൽ വെച്ച് കെ.സി.എസ് ചിക്കാഗോയിൽ ഓണാഘോഷം നടന്നു. ഓണസദ്യയോടെയാണ് ആഘോഷങ്ങൾ ആരംഭിച്ചത്. തുടർന്ന് ചെണ്ടമേളവും താലപ്പൊലിയും കൊണ്ട് മാവേലി തമ്പുരാനെ അനുഗമിക്കുന്ന വർണ്ണാഭമായ ഘോഷയാത്രയും ഉണ്ടായിരുന്നു. വിശിഷ്ടാതിഥി ഷീല സ്റ്റീഫൻ (മുൻ പ്രിൻസിപ്പൽ, ബിസിഎം കോളേജ്) പരിപാടി ഉദ്ഘാടനം ചെയ്തു. മലയാള സിനിമാ നടി ഡിനി ഡാനിയേലും നിർമ്മാതാവ് ജോയ് തോമസും പരിപാടിക്ക് കൂടുതൽ നിറ ചാർത്തായി.

ജോയ് ചെമ്മാച്ചൽ സ്മാരക കർഷകശ്രീ അവാർഡ് വിതരണവും ചടങ്ങിൽ നടന്നു. ചെമ്മാച്ചൽ കുടുംബം സ്പോൺസർ ചെയ്ത ഒന്നാം സമ്മാനം ബെന്നി ആന്റ് മഞ്ജു നല്ലുവീട്ടിൽ എന്നിവർക്കും, ഫിലിപ്പ് പെരികലത്തിൽ സ്പോൺസർ ചെയ്ത രണ്ടാം സമ്മാനം മിതിൻ ആന്റ് ബ്ലെസി ചിറക്ക പറമ്പലിനും, കെ.സി.എസ് പ്രസിഡന്റ് ജോസ് ആനമല സ്പോൺസർ ചെയ്ത മൂന്നാം സമ്മാനം ജിജി ആന്റ് ബിനു പള്ളിവീട്ടിൽ എന്നിവർക്കും സമ്മാനിച്ചു. റൈസിംഗ് ഫാർമറിനുള്ള പ്രത്യേക ജൂറി അവാർഡ് സാജൻ ആന്റ് ടിറ്റി പച്ചിലമാക്കിലിനും സമ്മാനിച്ചു.

വനിതാ ഫോറത്തിന്റെ നേതൃത്വത്തിൽ തിരുവാതിര, കുട്ടികളുടെ ചടുലമായ നൃത്തങ്ങൾ, ശ്രുതിമധുരമായ സംഗീത പരിപാടി എന്നിവ സാംസ്കാരിക ആകർഷണങ്ങളിൽ ഉൾപ്പെടുന്നു. ഓണത്തിന്റെ യഥാർത്ഥ ചൈതന്യം പകർത്തുകയും, സന്തോഷത്തിന്റെയും ഒരുമയുടെയും വിലയേറിയ ഓർമ്മകൾ പ്രേക്ഷകർക്ക് സമ്മാനിക്കുകയും ചെയ്ത ടോണി പോങ്ങാനയുടെ മെലോഡിയസ് ഗാനമേളയോടെയാണ് ആഘോഷം അവസാനിച്ചത്. ഓണാഘോഷങ്ങൾക്ക് സർഗാത്മകതയോടെയും ആവേശത്തോടെയും നേതൃത്വം നൽകിയ വിമൻസ് ഫോറം എക്സിക്യൂട്ടീവ് ഷാനിൽ വെട്ടിക്കാട്ട് (പ്രസിഡന്റ്), ജിനു നെടിയകാലായിൽ (വൈസ് പ്രസിഡന്റ്), മന്നൂ തിരുനെല്ലിപ്പറമ്പിൽ (സെക്രട്ടറി), ജെയിൻ മുണ്ടപ്ലാക്കിൽ (ജോയിന്റ് സെക്രട്ടറി), ഡെന്നി തുരുത്തുവേലിൽ (ട്രഷറർ) എന്നിവർ നേതൃത്വം വഹിച്ചു.

## നാസ അസോസിയേറ്റ് അഡ്മിനിസ്ട്രേറ്ററായി അമിത് ക്ഷത്രിയയെ നിയമിച്ചു

**- പി പി ചെറിയാൻ**



വാഷിംഗ്ടൺ ഡിസി: അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയിൽ 20 വർഷം പ്രവർത്തിച്ച പരിചയസമ്പന്നനായ അമിത് ക്ഷത്രിയയെ പുതിയ അസോസിയേറ്റ് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. നാസയിലെ ഏറ്റവും ഉയർന്ന സിവിൽ സർവീസ് പദവിയാണിത്. സെപ്റ്റംബർ 4ന് ആക്ടിങ് അഡ്മിനിസ്ട്രേറ്ററായ ഷോൺ പി. ഡഫി ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തി.

ഇതിനു മുൻപ് വാഷിംഗ്ടണിലെ നാസ ആസ്ഥാനത്തുള്ള എക്സ്പ്ലൊറേഷൻ സിസ്റ്റംസ് ഡെവലപ്മെന്റ് മിഷൻ ഡയറക്ടറേറ്റിന്റെ ഭാഗമായ മൂൺ ടു മാർസ് പ്രോഗ്രാമിന്റെ ഡെപ്യൂട്ടി ഇൻചാർജ് ആയിരുന്നു ക്ഷത്രിയ. ഈ സ്ഥാനത്തിരുന്ന്, ആർട്ടെമിസ് കാമ്പയിന്റെ ഭാഗമായി ചന്ദ്രനിലേക്കുള്ള മനുഷ്യ ദൗത്യങ്ങൾക്കായി അദ്ദേഹം മേൽനോട്ടം വഹിച്ചിരുന്നു. മനുഷ്യരാശിയുടെ ചൊവ്വയിലേക്കുള്ള ആദ്യ ദൗത്യത്തിന് വഴിയൊരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ബഹിരാകാശ പര്യവേക്ഷണത്തോടുള്ള നാസയുടെ പ്രതിബദ്ധതയുടെ സൂചനയാണ് ഈ നിയമനമെന്ന് ഡഫി പ്രശംസിച്ചു. അമേരിക്കൻ നേതൃത്വത്തെ ബഹിരാകാശത്ത് മുന്നോട്ട് കൊണ്ടു പോകുന്നതിനായി നാസയിൽ രണ്ട് പതിറ്റാണ്ടിലേറെയായി അമിത് ഒരു പൊതുപ്രവർത്തകനായി പ്രവർത്തിക്കുന്നതായിഡഫി പറഞ്ഞു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ, ട്രംപ് പ്രസിഡന്റിന്റെ കാലത്ത് ഏജൻസി ചന്ദ്രനിലേക്ക് മടങ്ങാനുള്ള ധീരമായ കാഴ്ചപ്പാടിന് രൂപം നൽകും.

വിസ്കോൺസിനിൽ ജനിച്ച ക്ഷത്രിയ, കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലും ഓസ്റ്റിനിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്സാസിലും ആണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ചരിത്രത്തിൽ മിഷൻ കൺട്രോൾ ഫ്ലൈറ്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ച 100 പേരിൽ ഒരാളാണ് അദ്ദേഹം. അദ്ദേഹത്തിന്റെ പ്രവർത്തനപരമായ അറിവും തന്ത്രപരമായ പശ്ചാത്തലവും ഏജൻസിയുടെ ഉന്നത പദവികൾക്ക് അസാധാരണമായ വൈദഗ്ദ്ധ്യം നൽകുന്നുവെന്ന് നാസ ഉദ്യോഗസ്ഥർ പറഞ്ഞു.

അസോസിയേറ്റ് അഡ്മിനിസ്ട്രേറ്റർ പദവിയിലേക്കുള്ള ക്ഷത്രിയയുടെ ഉയർച്ച, നാസയുടെ ദീർഘകാല തന്ത്രത്തിൽ വാണിജ്യ പങ്കാളിത്തത്തെ സമന്വയിപ്പിക്കുന്നതിനുള്ള ഒരു വലിയ മാറ്റത്തെയും പ്രതിഫലിപ്പിക്കുന്നു. ബഹിരാകാശ വ്യവസായത്തെ അമേരിക്കൻ സാമ്പത്തിക വളർച്ചയുടെ ഒരു പ്രധാന ചാലകമായി വാഷിംഗ്ടൺ കാണുന്നുണ്ടെന്നും, നാസയും സ്വകാര്യ ബഹിരാകാശ കമ്പനികളും തമ്മിലുള്ള ശക്തമായ സഹകരണത്തിന് ക്ഷത്രിയ മാർഗ്ഗനിർദ്ദേശം നൽകുമെന്ന് പ്രതീക്ഷിക്കുന്നതായും ഡഫി ഊന്നിപ്പറഞ്ഞു.

## ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ന്യൂ യോർക്ക് ചാപ്റ്ററിന്റെ അവലോകനയോഗവും ഓണസദ്യയും നടന്നു



**- ഷോളി കുമ്പിളുവേലി**

ന്യൂ യോർക്ക് : ഓക്ടോബർ 9 മുതൽ 11 വരെ ന്യൂ ജേഴ്സിയിലെ ഷെറാട്ടൺ എഡിസൺ ഹോട്ടൽ സമുച്ചയത്തിൽ വച്ചു നടക്കുന്ന ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 11-ാമത് ഇന്റർനാഷണൽ മീഡിയ കോൺഫറൻസിന്റെ ഒരുക്കങ്ങൾ വിലയിരുത്തി ആതിഥേയരായ ന്യൂ യോർക്ക് ചാപ്റ്റർ ഷെറാട്ടൺ എഡിസൺ ഹോട്ടലിൽ ചേർന്ന അവലോകന യോഗത്തിൽ, മാധ്യമ പ്രവർത്തകർക്ക് പുറമേ ഫൊക്കാന, ഫോമ, വേൾഡ് മലയാളി കൗൺസിൽ, കൂടാതെ സാമൂഹ്യ രാഷ്ട്രീയ മാധ്യമ രംഗത്തെ നിരവധി പ്രമുഖരും, സംരഭകരും പങ്കെടുത്തു.

ഐ.പി.സി.എൻ.എ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡൻറ് ഷോളി കുമ്പിളുവേലിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ഐ.പി.സി.എൻ.എ ദേശീയ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, ജനറൽ സെക്രട്ടറി ഷിജോ പൗലോസ്, കോൺഫറൻസ് ചെയർമാൻ സജി എബ്രഹാം, ന്യൂയോർക്ക് ചാപ്റ്റർ സെക്രട്ടറി ജോജോ കൊട്ടാരക്കര, വൈസ് പ്രസിഡന്റ് ജേക്കബ് മാനുവൽ തുടങ്ങിയവർ കോൺഫറസിനെകുറിച്ച് സംസാരിക്കുകയും സഹകരണം അഭ്യർഥിക്കുകയും ചെയ്തു.

വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകളെ പ്രതിനിധീകരിച്ചു നിരവധി പേർ ആശംസകളും, എല്ലാവിധ സഹായ സഹകരണങ്ങളും അറിയിച്ചു. റോക്ലാൻഡ് കൗണ്ടി ലജിസ്ലേറ്റീവ് വൈസ് ചെയർ ഡോ. ആനി പോൾ, ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി, ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ഫോമാ മുൻ പ്രസിഡന്റ് അനിയൻ ജോർജ്, ഫൊക്കാന മുൻ പ്രസിഡന്റ് പോൾ കറുകപ്പള്ളി, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡന്റ് (അമേരിക്ക റീജിയൻ) ഡോക്ടർ തങ്കമണി അരവിന്ദൻ, ജിനേഷ് തമ്പി, പിന്റോ ചാക്കോ, അനീഷ് ജയിംസ്, ഫോമ മുൻ ജനറൽ സെക്രട്ടറി ജിബി തോമസ്, മലയാളി അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സി പ്രസിഡന്റ് രാജു ജോയ്, സാമൂഹ്യ സാംസ്കാരിക പ്രവർത്തകനും മുൻ കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡ് പ്രസിഡന്റുമായ ജിഷോ, അനിൽ പുത്തൻചിറ, റീന പുത്തൻചിറ, കുഞ്ഞുമോൾ വർഗീസ്, ടെലിവിഷൻ നിർമാതാവ് ജില്ലി സാമുവേൽ, ബോബി സാമുവേൽ, ലത കറുകപ്പിള്ളിൽ, ഷൈബു വർഗീസ്, ജിബി ജേക്കബ് വർഗീസ് തുടങ്ങിയവർ പങ്കെടുത്തു.

ഇന്ത്യ പ്രസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണക്കുന്ന സംരംഭകരായ ദിലീപ് വർഗീസ്, ഗ്ലോബൽ കൊളിഷൻ നോഹ ജോർജ്, ജോസഫ് കാഞ്ഞമല സി പി എ, അനിൽ പുത്തൻചിറ, ബിനോയ് തോമസ് എന്നിവരും, ഐ.പി.സി.എൻ.എ പ്രതിധിനിധീകരിച്ചു മുൻ പ്രസിഡന്റുമാരായ ജോർജ് ജോസഫ്, മധു കൊട്ടാരക്കര, ചാപ്റ്റർ അംഗങ്ങൾ ബിജു ജോൺ കൊട്ടാരക്കര, ജിനേഷ് തമ്പി, മാത്തുക്കുട്ടി ഈശോ, ജയൻ ജോസഫ് തുടങ്ങിയരും സംസാരിച്ചു. കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി കോർ കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു.

കോൺഫെറൻസ് ചെയർമാൻ സജി എബ്രഹാം, ജനറൽ കൺവീനർ ഷോളി കുമ്പിളുവേലി (ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ്) റിസപ്ഷൻ, രജിസ്ട്രേഷൻ ബിജു കൊട്ടാരക്കര, കുഞ്ഞുമോൾ വർഗീസ്, ഡോക്ടർ തങ്കമണി അരവിന്ദ്.

ഗസ്റ്റ് റിലേഷൻസ്: അനിയൻ ജോർജ്, ജിനേഷ് തമ്പി. ടൈം മാനേജ്മെൻറ് : റെജി ജോർജ്, ജോർജ് തുമ്പയിൽ.

പ്രോഗ്രാം: താജ് മാത്യു. ഫുഡ് കമ്മിറ്റി: മധു കൊട്ടാരക്കര, സുനിൽ തൈമറ്റം.

ട്രാൻസ്പോർട്ടേഷൻ : പിൻറ്റോ ചാക്കോ, അനീഷ് ജെയിംസ്. സേഫ്റ്റി ആന്റ് സെക്യൂരിറ്റി കമ്മിറ്റി; ജിഷോ.

സുവനീർ: മാത്തുക്കുട്ടി ഈശോ. ഓഡിയോ വിഷൻ: ജില്ലി സാമുവേൽ.

ഐ.പി.സി.എൻ.എ യുടെ മുൻ പ്രസിഡന്റുമാരായ സുനിൽ തൈമറ്റം (അഡ്വൈസറി ബോർഡ് ചെയർമാൻ), ജോർജ് ജോസഫ്, മാത്യു വർഗീസ്, ബിജു കിഴക്കേക്കുറ്റ്, നിലവിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, പ്രസിഡന്റ് എലെക്ട് രാജു പള്ളത്ത് എന്നിവരും കോർ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

## ഗ്രേറ്റർ ഹൂസ്റ്റൺ എൻ.എസ്.എസ് ഓണം ആഘോഷിച്ചു




**- ശങ്കരൻകുട്ടി ഹൂസ്റ്റൺ**

ഹൂസ്റ്റൺ: ഗ്രേറ്റർ ഹൂസ്റ്റൺ എൻ.എസ്.എസ്. ഓണം ആഘോഷിച്ചു.

ഗ്രൂപ്പ് ഇവന്റ് ലീഡുകളായ അംഗിത മേനോൻ, ശ്രീകു നായർ, രാധ നായർ, അർച്ചന നായർ, പ്രെജി നായർ, മനോജ് നായർ എന്നിവരെ സംഘടന അഭിനന്ദിച്ചു. മഹാബലിയെ പ്രതിനിധീകരിച്ചതിന് സുരേഷ് കരുണാകരനെയും വസ്ത്രാലങ്കാരം പൂർത്തിയാക്കിയതിന് ശ്രീകു നായർ, മനോജ് (എസ്ജിടി), നിഷ നായർ, ശ്രീകല വിനോദ്, സുരേഷ് കരുണാകരൻ, സുനിത ഹരി, ജയശ്രീ നായർ, ശ്രീകു നായർ, രാജേഷ്, വിദ്യ നായർ, ഉണ്ണികൃഷ്ണ പിള്ള, രാജു നായർ, ശ്രീകല വിനോദ്, അജിത് പിള്ള, മുരളി പള്ളിക്കര, അപ്പത്ത് ഉണ്ണികൃഷ്ണൻ എന്നിവരെയും പ്രസിഡന്റ് സുനിൽ രാധമ്മയും സെക്രട്ടറി അഖിലേഷ് നായരും നന്ദി അറിയിച്ചു.

20 September (Third Saturday) - **International Red Panda Day:** It is observed on the third Saturday of September month. This year it falls on 20 September. The day raises awareness of their urgent need for conservation of red pandas.

21 September - **International Day of Peace (UN):** International Day of Peace (UN) is observed on 21 September around the world. For the first time it was observed in September 1982 and in 2001, the General Assembly adopted a resolution 55/282, which established 21 September as International Day of Peace of non-violence and cease-fire.

## ന്യുജേഴ്‌സി ഇന്ത്യാ കമ്മീഷൻ അംഗമായി സുരേഷ് യു. കുമാറിനെ ഗവർണർ മർഫി നിയമിച്ചു



ന്യൂ ജേഴ്‌സി: ന്യൂ ജേഴ്‌സി ഇന്ത്യ കമ്മീഷനിലേക്ക് സംരംഭകനും എഴുത്തുകാരനുമായ സുരേഷ് യു.കുമാറിനെ ഗവർണർ ഫിൽ മർഫി നിയമിച്ചു.

ടൈ (ദി ഇൻഡസ് എന്റർപ്രണർ) ന്യൂജേഴ്‌സി ചാപ്റ്റർ പ്രസിഡന്റ് ആയ സുരേഷ് കുമാറിന്റെ നോവൽ 'ദി ഗേൾ ഇൻ ദി സ്കാർലറ്റ് ഹിജാബ്' ആമസോണിൽ ബേസ്ഡ് സെല്ലറാണ്.

ഇന്ത്യൻ പശ്ചാത്തലത്തിലുള്ള ചരിത്ര നോവലാണിത്. ഇൻകോർപ്പറേറ്റഡ് 500, ഡെലോയിറ്റ് ഫാസ്റ്റ് 50 എന്നിവ മികച്ച സംരംഭകനായി അഞ്ചു തവണ ഇദ്ദേഹത്തെ തെരഞ്ഞെടുത്തിരുന്നു.

പ്രൊഫസർ കൂടിയായ ഇദ്ദേഹം ആഗോള നവീകരണ ആവാസവ്യവസ്ഥകൾ നിർമ്മിക്കുന്നതിൽ ആഴത്തിൽ വൈദഗ്ധ്യമുള്ള വ്യക്തിയാണ്. സ്റ്റാർട്ടപ്പ് മെന്റർ, ഏഞ്ചൽ നിക്ഷേപകൻ, ലാഭേച്ഛയില്ലാത്ത നേതാവ് എന്നീ നിലകളിലും സേവനമനുഷ്ഠിക്കുന്നു.

കൊച്ചി സ്വദേശിയാണ്. പഞ്ചാബിയായ നീരജ കൽറ ആണ് ഭാര്യ. പുത്രൻ യുവരാജ് (14). മലയാളികളായ ഡോ.കൃഷ്ണ കിഷോർ, വിദ്യ കിഷോർ, വെസ്‌ലി മാത്യൂസ്, അസംബ്ലിമാൻ സ്റ്റെർലി സ്റ്റാൻലി, രാജി തോമസ്, സെനറ്റർ വിൻ ഗോപാൽ എന്നിവർ ഉൾപ്പടെ ഒട്ടേറെ അംഗങ്ങൾ അടങ്ങിയതാണ് കമ്മീഷൻ. വെസ്‌ലി മാത്യുസ് ആണ് ചെയർ.

കമ്മീഷനിൽ 35ൽ കുറയാത്തതും 45ൽ കൂടാത്തതുമായ അംഗങ്ങളെ ഗവർണർ നിയമിക്കും. ന്യൂജേഴ്‌സി ഇസ്രായേൽ, ന്യൂജേഴ്‌സി അയർലണ്ട് കമ്മീഷനുകളാണ് മറ്റുള്ളവ. മൂന്നാമത്തേതാണിത്.

ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും മുന്നോട്ട് കൊണ്ടുപോകുന്നതിനും ന്യൂജേഴ്‌സിയിലും ഇന്ത്യയിലും സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനും കമ്മീഷൻ ലക്ഷ്യമിടുന്നു.

ന്യൂജേഴ്‌സിയും ഇന്ത്യയും തമ്മിലുള്ള സാംസ്കാരികവും വിദ്യാഭ്യാസപരവുമായ കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിരമായ ദീർഘകാല സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും കമ്മീഷൻ പ്രവർത്തിക്കും

ഈ കമ്മീഷനിലൂടെ, ഒരുമിച്ച് വളരാനും പുതിയ സാധ്യതകൾക്ക് തുടക്കമിടാനുമുള്ള അവസരങ്ങളുടെ ഒരു പുതിയ നൂറ്റാണ്ട് ഉറപ്പാക്കാൻ കഴിയുമെന്ന് ഗവർണർ മർഫി പറയുകയുണ്ടായി.

ന്യൂജേഴ്‌സിയിലെ കുടിയേറ്റക്കാരിൽ ഭൂരിഭാഗവും ഇന്ത്യയിൽ നിന്നുള്ളവരാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി, ലൈഫ് സയൻസസ്, ടെക്നോളജി തുടങ്ങിയ സുപ്രധാന മേഖലകളിൽ ഏകദേശം 6,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിച്ചുകൊണ്ട്, സംസ്ഥാനത്തേക്ക് ഇന്ത്യ 2 ബില്യൺ ഡോളർ നിക്ഷേപിച്ചു.

## ഹിന്ദു ക്ഷേത്രങ്ങൾക്ക് നേരെയുള്ള സമീപകാല ആക്രമണങ്ങളെ അപലപിച്ചു കോൺഗ്രസ് അംഗം സുഹാസ് സുബ്രഹ്മണ്യൻ



വാഷിംഗ്ടൺ, ഡിസി: യുഎസിലുടനീളം ഹിന്ദു ക്ഷേത്രങ്ങൾക്ക് നേരെയുള്ള സമീപകാല ആക്രമണങ്ങളെ കോൺഗ്രസ് അംഗം സുഹാസ് സുബ്രഹ്മണ്യൻ അപലപിച്ചു.

സെപ്റ്റംബർ 10ന് രാവിലെ യുഎസ് പ്രതിനിധിസഭയിലാണ് ഇക്കാര്യം സുബ്രഹ്മണ്യൻ പറഞ്ഞത്. അമേരിക്കൻ സമൂഹങ്ങളിൽ വെറുപ്പിന് സ്ഥാനമില്ലെന്നും അതുകൊണ്ടാണ് ഇന്ത്യാനയിലെ ബിഎപിഎസ് ശ്രീ സ്വാമിനാരായണ മന്ദിർ മുതൽ ഉട്ടായിലെ ശ്രീരാധാകൃഷ്ണ ക്ഷേത്രം വരെ രാജ്യത്തുടനീളമുള്ള ഹിന്ദു ക്ഷേത്രങ്ങൾക്കും മന്ദിരങ്ങൾക്കും നേരെയുള്ള സമീപകാല വിദ്വേഷ ആക്രമണങ്ങളെ അപലപിക്കുന്നതെന്നും പറഞ്ഞു.ഓരോ അമേരിക്കക്കാരനുംഭയമില്ലാതെ സുരക്ഷിതമായി അവരുടെ വിശ്വാസം ആചരിക്കാനുള്ള അവകാശം അർഹിക്കുന്നുഎന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## നാട്ടിലും സദ്യ നൽകി ഓണത്തിന്റെ 50 വർഷങ്ങൾ; വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ മാതൃക



ന്യൂയോർക്ക്: അഭൂതപൂർവമായ ജനപങ്കാളിത്തത്തോടെ 50 ഓണങ്ങൾ ഉണ്ടും കേരളതനിമയിൽ ആഘോഷങ്ങൾ സംഘടിപ്പിച്ചും വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ ചരിത്രത്തിലേക്ക് ചുവടു വച്ചു.

എക്കാലവും അമേരിക്കയിലെ ഏറ്റവും വലിയ ഓണഘോഷങ്ങളിലൊന്നിന് ആതിഥ്യം വഹിച്ചിട്ടുള്ള സംഘടനയുടെ ചരിത്രത്തിനു പൊൻ തൂവലായി പോർട്ട് ചെസ്റ്റർ ഹൈസ്കൂൾ ആഡിറ്റോറിയത്തിൽ പ്രസിഡന്റ് തോമസ് കോശി, സെക്രട്ടറി നിരീഷ് ഉമ്മൻ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഇത്തവണത്തെ ആഘോഷം. സദ്യയും മികച്ച കലാപരിപാടികളും വേറിട്ടതായി. ടെറൻസൺ തോമസ്, ആന്റോ വർക്കി എന്നിവരായിരുന്നു ആഘോഷങ്ങളുടെ കോർഡിനേറ്റർമാർ.

അത്തപ്പൂക്കളവും, തിരുവാതിരകളിയും, പുലിക്കളിയും അങ്ങനെ കേരളത്തിലെ ഓണത്തിന്റെ എല്ലാ ആഘോഷങ്ങളും കേരള തനിമയോടെ ആഘോഷിച്ചു.

ആഘോഷം ഇവിടെ പൊടിപൊടിക്കുമ്പോൾ നാട്ടിൽ അനാഥാലയങ്ങളിൽ വസിക്കുന്ന 5000 പേർക്ക് ഓണ സദ്യ നൽകിക്കൊണ്ട് ഓണത്തിന്റെ മഹത്തായ സന്ദേശം പ്രാവർത്തികമാക്കുകയും ചെയ്തുകൊണ്ട് സംഘടന മാതൃക സൃഷ്ടിച്ചു.

അമേരിക്കയിൽ അൻപത് വർഷം പിന്നിടുന്ന ചുരുക്കം സംഘടനകളിൽ ഒന്നാണ് വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ. ആ ചരിത്രത്തിന്റെ സാക്ഷ്യം വഹിക്കുന്നത് കൂടിയായിരുന്നു ഇത്തവണത്തെ ആഘോഷം. സംഘടനക്ക് 1975ൽ തിരി കൊളുത്തിയ ആദ്യ പ്രസിഡന്റ് അന്തരിച്ച എം. വി. ചാക്കോയുടെ പത്നി മേരി ചാക്കോയേയും അന്തരിച്ച മുൻ പ്രസിഡന്റ് കൊച്ചുമ്മൻ ജേക്കബിന്റെ പത്നി അന്നമ്മ ജേക്കബിനെയും വേദിയിൽ ആദരിച്ചു.

സദ്യ തന്നെ ആയിരുന്നു കേമൻ. ആബാലവൃദ്ധം ജനങ്ങൾ ഓണരുചി നുകരാൻ പതിനൊന്നു മണിമുതൽ എത്തിക്കൊണ്ടിരുന്നു.

ഒരു മണിയോടെ മഹാബലിയെ ആനയിച്ചുള്ള ഘോഷയാത്ര സ്കൂളിൽ നിന്ന് ആരംഭിച്ചു. ചെണ്ടമേളത്തോടും ശിങ്കാരി മേളത്തോടും കുടി താലപ്പൊലിയുമായി മാവേലി തമ്പുരാനെ വരവേറ്റു. ചെണ്ടമേളവും താലപ്പൊലിയും പരിവാരങ്ങളുമായി മഹാബലി വേദിയിൽ എഴുന്നെള്ളിയതോടെ സമ്മേളനം ആരംഭിച്ചു.

മഹാബലിയുടെ ആശംസക്കു ശേഷം സെക്രട്ടറി ആമുഖ പ്രസംഗം നടത്തുകയും അധ്യക്ഷ പ്രസംഗത്തിനായി പ്രസിഡന്റ് തോമസ് കോശിയെ ക്ഷണിക്കുകയും ചെയ്തു. ഓണാഘോഷത്തിന്റെ പ്രസക്തിയും സംഘടനയുടെ പ്രവർത്തനവും വിവരിച്ച തോമസ് കോശി സംഘടന സുവർണജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ മുൻകാല നേതാക്കളെ അനുസ്മരിക്കുകയും അവരുടെ സേവനങ്ങൾക്ക് നന്ദി പറയുകയും ചെയ്തു. മലയാളി ലോകത്തെവിടെ പോയാലും കേരളം എന്ന വികാരം നമ്മിൽ നിന്ന് എടുത്തു കളയാൻ ആവില്ല. പുതിയ തലമുറയും ആവേശപൂർവമാണ് ഈ ഓണാഘോഷത്തിൽ പങ്കെടുക്കുന്നത് എന്നതിൽ അഭിമാനമുണ്ട്. ഇവിടെ നാം ഓണം ഉണ്ണുമ്പോൾ കേരളത്തിലെ അനാഥാലയങ്ങളിലെ 5000 പേർക്ക് ഭക്ഷണമെത്തിക്കാൻ കഴിഞ്ഞു. ചാരിറ്റി പ്രവർത്തനം നമ്മുടെ സിരകളിലുണ്ട്. സംഘടന എന്നും ചാരിറ്റി പ്രവർത്തനത്തിന് മുൻ നിരയിലുണ്ട്- അദ്ദേഹം ചൂണ്ടിക്കാട്ടി.

സ്റ്റേറ്റ് സെനറ്റർ ഷെല്ലി മേയർ സമ്മേളനം ഉദ്ഘാടനം ചെയ്തു. മലയാളി സമൂഹവുമായുള്ള തന്റെ നല്ല ബന്ധം അവർ ചൂണ്ടിക്കാട്ടി. എല്ലാവർക്കും ഓണാശംസകളും നേർന്നു. വെസ്റ്റ്ചെസ്റ്റർ കൗണ്ടി എക്സിക്യൂട്ടീവ് കെൻ ജെങ്കിൻസ് ആശംസകൾ നേരുകയും അവാർഡുകൾ സമ്മാനിക്കുക്കയും ചെയ്തു. കൗണ്ടിയുടെ ചരിത്രത്തിലെ ആദ്യ ആഫ്രിക്കൻ അമേരിക്കൻ എക്സിക്യൂട്ടീവ് ആയ അദ്ദേഹം ഇന്ത്യൻ സമൂഹവുമായി നല്ല ബന്ധം തുടരുന്നതായി ചൂണ്ടിക്കാട്ടി.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെ ആശംസയിൽ സംഘടന നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ ചൂണ്ടിക്കാട്ടി. ഫൊക്കാനയുടെ പ്രിവിലേജ് കാർഡുകളുടെ ഗുണങ്ങളും അദ്ദേഹം വിവരിച്ചു. കേരളത്തിലെ വൻകിട ആശുപത്രികളിൽ ചികിത്സക്ക് ഡിസ്കൗണ്ട് ലഭിക്കുന്ന ഗോൾഡൻ കാർഡ്, എയർപോർട്ടിലെ ഡ്യൂട്ടി ഫ്രീയിൽ ഡിസ്കൗണ്ട് ലഭിക്കുന്ന പ്രിവിലേജ് കാർഡ് എന്നിവ ഏറെ പ്രയോജനപ്രദമാണ്. അടുത്ത വർഷം പോക്കനോസിലെ കൽഹാരിയിൽ നടക്കുന്ന കൺവൻഷനിലേക്കും ഏവരെയും ക്ഷണിച്ചു.

ഫോമാ ആർ.വി.പി. പി.ടി. തോമസ് നടത്തിയ ആശംസയിൽ ഫോമായുടെ വിവിധ പ്രവർത്തനങ്ങൾ ചൂണ്ടിക്കാട്ടി. അടുത്ത ജനുവരിയിൽ നടക്കുന്ന കേരള കൺവൻഷനിലേക്കും ഹ്യൂസ്റ്റനിൽ നടക്കുന്ന കൺവൻഷനിലേക്കും അദ്ദേഹം ഏവരേയും ക്ഷണിച്ചു.

നിലവിളക്കു കൊളുത്തുന്ന ചടങ്ങിൽ സംഘടനാ നേതാക്കൾക്ക് പുറമെ ഫൊക്കാന, ഫോമാ നേതാക്കൾ, ഫൊക്കാന ഇന്റർനാഷണൽ കോർഡിനേറ്റർ പോൾ കറുകപ്പള്ളി, റോയി ചെങ്ങന്നൂർ, റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ളേറ്റർ ഡോ.ആനി പോൾ, മെഗാ സ്പോ ൺസർ നോവ ജോർജ് (ഗ്ലോബൽ കൊളീഷൻ), ജിതിൻ വർഗീസ്, ഹാരി സിംഗ് തുടങ്ങിയവർ പങ്കെടുത്തു.

മുൻ പ്രസിഡണ്ടുമാരായ കെ.ജെ. ഗ്രിഗറി (1986), എ.വി. വർഗീസ് (1999, 2007) എന്നിവർക്കും ലൈഫ് ടൈം അവാർഡ് നൽകി ആദരിച്ചു. മാവേലിയായി വേഷമിട്ട രാജ് തോമസ്, ഭാര്യ ഏലമ്മ രാജൻ എന്നിവരെയും ആദരിച്ചു.

അലക്സാണ്ടർ വർഗീസ് നന്ദി പറഞ്ഞു. തുടർന്ന് നടന്ന കലാപരിപാടികൾ ഒന്നിനൊന്നു മികവ് പുലർത്തി. വെസ്റ്ചെസ്റ്റർ ഏഞ്ചൽസ് അവതരിപ്പിച്ച തിരുവാതിര ഏറെ ഹൃദ്യമായി.

ശബരിനാഥൻ നായർ, വേദ ശബരി എന്നിവർ ഗാനങ്ങൾ ആലപിച്ചു. ലാൽ അങ്കമാലിയുടെ ഷോ ഏറെ കയ്യടി നേടി.

ലിസ ജോസഫിന്റെ നേതൃത്വത്തിലുള്ള നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസിന്റെ നൃത്തത്തിൽ ജ്വാല, അരാത്രിക, കാവ്യ, ആദ്യ ഗിരീഷ്, ആദ്യ നായർ, അൻവി, തെരേസ എന്നിവർ സദസിന്റെ ഹൃദയം കവർന്നു.

സാത്വിക ഡാൻസ് അക്കാദമിയുടെ നൃത്തത്തിൽ ദേവിക നായർക്കൊപ്പം എമ്മ പോൾ, മഡലിൻ വറുഗീസ്, ആനി മേരി ജോർജ്, അവേരി തോമസ്, ഗിരീഷ്മ ഗണേഷ് നായർ, കെസിയ സജി, സാറാ ജോർജ്, ഡയാൻ സക്കറിയാസ് എന്നിവർ സദസിന്റെ മനം കവർന്നു.

വെസ്റ്റ്ചെസ്റ്റർ ഏഞ്ചൽസിന്റെ മാർഗംകളിയിൽ നമിത ബാബു, നീതു ചെറിയാൻ, നിത ആൻ എബ്രഹാം, സുനിത തോമസ്, മിനി എബ്രഹാം, സ്വീറ്റി ജോൺ, ഹെലൻ പൗലോസ്, മിലൻ പൗലോസ്, ഹെവന മാത്യു, ജിൻസി മേരി വർഗീസ് എന്നിവർ സദസിന്റെ നിലക്കാത്ത കൈയ്യടി നേടി.

## പരിശുദ്ധ കാതോലിക്ക ബാവയുടെ ഡാളസ് സന്ദർശനം 13 മുതൽ

ഡാളസ്: മലങ്കര ഓർത്തഡോക്സ് സഭയുടെ മേലധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ ഹൃസ്വ സന്ദർശനത്തിനായി ഡാലസിൽ എത്തുന്നു.

13 മുതൽ ഡാലസിലെ വിവിധ ദേവാലയങ്ങളിൽ അപ്പോസ്തലിക സന്ദർശനം നടത്തും. 13 ശനിയാഴ്ച രാവിലെ ഇർവിൻ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കും. വൈകിട്ട് മെക്കാനി സെന്റ് പോൾ ഇടവകയിൽ സന്ധ്യാനമസ്കാരവും അനുഗ്രഹ പ്രഭാഷണവും നടത്തും.

14 ഞായറാഴ്ച രാവിലെ 8.45നു കാരോൾട്ടൻ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ വിശുദ്ധ കുർബാനയും സ്ലീബാ പെരുന്നാളിന് പ്രത്യേക പ്രാർത്ഥനകളും നടത്തും. വൈകിട്ട് സെൻറ് ജെയിംസ് ഓർത്തഡോക്സ് മിഷൻ ദേവാലയത്തിൽ സ്വീകരണവും തുടർന്ന് സന്ധ്യാനമസ്കാരം നടത്തുന്നതാണ്.

15 തിങ്കളാഴ്ച വൈകിട്ട് ഡാലസിലെ ഓർത്തഡോക്സ് വൈദികരുടെ സംഗമത്തെ അഭിസംബോധന ചെയ്യും.

16ന് വൈകിട്ട് ഡാളസ് സെൻറ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ അപ്പോസ്തലിക സന്ദർശനവും നമസ്കാരവും ഉണ്ടായിരിക്കുന്നതാണ്.

17 ബുധനാഴ്ച രാവിലെ ഭദ്രാസന ആസ്ഥാനമായ ഹൂസ്റ്റണിലേക്കു മടങ്ങും. കൂടുതൽ വിവരങ്ങൾക്ക് വെരി. റവ. രാജു ഡാനിയേൽ കോറെപ്പിസ്കോപ്പ. 214 476 6584

## നാട്ടിലും സദ്യ നൽകി ഓണത്തിന്റെ 50 വർഷങ്ങൾ

കേരള നാടോടി, സിനിമാ നൃത്ത പരിപാടിയിൽ സിൻഷാ മേരി വർഗീസ്, സെലൻ സൂസൻ പൗലോസ് എന്നിവർ ശ്രദ്ധ പിടിച്ചു പറ്റി.

കെ.ജെ ഗ്രിഗറിയും സംഘവും അവതരിപ്പിച്ച ഓട്ടം തുള്ളലിൽ എ.വി വർഗീസ്, ജോർജ്ജ് കുഴിയഞ്ഞാൽ എന്നിവരും പങ്കെടുത്തു.

കടുവയെ പിടിച്ച കിടുവ എന്ന കോമഡി സ്കിറ്റിൽ ഹരിലാൽ നായർ, വിനിത വിജീഷ്, ശബരിനാഥ് എന്നിവർ ആയിരുന്നു അഭിനേതാക്കൾ.

ഓണഘോഷം വിജയപ്രദമാക്കുവാൻ പ്രസിഡന്റ് തോമസ് കോശി, സെക്രട്ടറി നിരീഷ് ഉമ്മൻ, ട്രഷറർ അലക്സാണ്ടർ വർഗീസ്, വൈസ് പ്രസിഡന്റ് ഏലമ്മ രാജ് തോമസ്, ജോ. സെക്രട്ടറി ജോ ഡാനിയേൽ, ജോ. ട്രഷറർ മോളമ്മ വർഗീസ്, ട്രസ്റ്റി ബോർഡ് ചെയർ കെ.ജെ.ഗ്രിഗറി, കോർഡിനേറ്റേഴ്സ് ടെറൻസൺ തോമസ്, ആന്റോ വർക്കി എന്നിവർ നേതൃത്വം നൽകി.

## ലണ്ടൻ സോഷ്യൽ ക്ലബ് ഓണാഘോഷം കാനഡയിൽ

**- ഷിബു കിഴക്കേകുറ്റ്**

കാനഡ: ലണ്ടൻ സോഷ്യൽ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 7ന് ക്നായിത്തൊമ്മൻ ഹാളിൽ ഓണം ആഘോഷിച്ചു.

റവ.ഫാ.ജെയിംസ് മുളയാനിക്കൽ ചടങ്ങിൽ പങ്കെടുത്തു. ഓണം ഘോഷയാത്രയോടെ ആരംഭിച്ച ആഘോഷത്തിൽ ചെണ്ടമേളം, മാവേലി വരവ്, തിരുവാതിരകളി, ഓണപ്പാട്ട് എന്നിവ മലയാളികളുടെ നാട്ടിൻപുറം ഓർമ്മകളെ പുതുക്കി. ക്ലബ് പ്രസിഡന്റ് സിനു മുളയാനിക്കൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡിനു പെരുമാനൂർ സ്വാഗതവും, ജോബി കിഴക്കേക്കര നന്ദിയും പറഞ്ഞു. പരിപാടികളുടെ ഏകോപനം ബൈജു കളമ്പുകാട്ടിൽ, ലീന മണിക്കൊമ്പിൽ, സിന്ത്യ കിഴക്കെപുറത്തു എന്നിവർ നിർവഹിച്ചു.

മലയാളികളുടെ ഐക്യവും സൗഹൃദവും വിളിച്ചോതിയ ഈ ആഘോഷം, പങ്കെടുത്ത എല്ലാവർക്കും ഒരിക്കലും മറക്കാനാകാത്ത ഓർമ്മയായി.

## തേവര സേക്രട്ട് ഹാർട്ട് പൂർവ്വ വിദ്യാർത്ഥി സംഗമം ചിക്കാഗോയിൽ

ചിക്കാഗോ: തേവര സേക്രട്ട് ഹാർട്ട് പൂർവ്വ വിദ്യാർത്ഥി സംഘടന എഎഎസ്എച്ച് നോർത്ത് അമേരിക്കയും കൊച്ചിൻ ക്ലബ്ബും ചേർന്ന് സംഘടിപ്പിച്ച അമേരിക്കൻ കൊച്ചി കൂട്ടായ്മ ചിക്കാഗോയിൽ നടന്നു.

സെപ്റ്റംബർ 7ന് ലിയോൺസിലെ ഫോർ പോയിന്റ് ഹോട്ടലിൽ നടന്ന പരിപാടി അമേരിക്കയിലെ മലയാളി സമൂഹത്തിന് ഒരു വിശിഷ്ട സംഗമമായി. കോളേജിന്റെ മുൻ പ്രിൻസിപ്പലും വൈദികനുമായ ഡോക്ടർ റവ. ഫാദർ ജോൺസൺ പാലക്കാപ്പിള്ളി ഉദ്ഘാടനം ചെയ്തു. മാറുന്ന കൊച്ചിയെയും കോളേജിന്റെ ഓർമ്മകളെയും കുറിച്ച് അദ്ദേഹം സംസാരിച്ചു.

പ്രസിഡന്റ് ഹൊറാൾഡ് ഫിഗ് രോദോ സ്വാഗതം പറഞ്ഞു. അനു ജോർജ് അവതാരകയായി. ജോസ് ആന്റണി പുത്തൻവീട്ടിൽ, ജോർജ് പാലാമറ്റം, സെസ്സിൽ ജോസഫ്, തോമസ് എബ്രഹാം, കവിത ബിജു, തോമസ് മാഞ്ഞുരാൻ, തോമസ് ചിറമേൽ എന്നിവർ സംസാരിച്ചു. സെക്രട്ടറി അലൻ ജോർജ് നന്ദി പറഞ്ഞു. സംഗീത പരിപാടിയും തുടർന്ന് വിഭവസമൃദ്ധമായ അത്താഴവും സംഗമത്തിന് ആഘോഷ ഭാവം നൽകി.

## സെന്റ് പോൾസ് മാർത്തോമാ ചർച്ചിന്റെ വാർഷിക പിക്നിക് സംഘടിപ്പിച്ചു



**- എബി മക്കപ്പുഴ**

ഡാളസ്: സെന്റ് പോൾസ് മാർത്തോമാ ഇടവകയുടെ 2025 വർഷത്തെ പിക്നിക് 6 ശനിയാഴ്ച സണ്ണിവെയ്ൽ ടൗൺ പാർക്കിൽ നടത്തപ്പെട്ടു. ഇടവക വികാരി ഫാ. റെജിന്റെ പ്രാർത്ഥനയോടു കൂടി പിക്നിക് പ്രോഗാമിന് തുടക്കം കുറിച്ചു.

യൂത്ത് ഫെല്ലോഷിപ്പ് യുവജനസഖ്യം സീനിയർ സിറ്റിസൺ സേവികാ സംഘം തുടങ്ങിയ സംഘനകൾ വിവിധ ഇനം വിനോദ പ്രോഗ്രാം നടത്തി പിക്നിക് അതി മനോഹരമാക്കി മാറ്റി.

പ്രഭാത ഭക്ഷണമായി ചുമതലക്കാർ കപ്പയും കാന്താരി ചമ്മന്തിയും ഒരുക്കി. വിഭവ സമൃദ്ധമായ ഉച്ച ഭക്ഷണം (പിക്നിക് ഫുഡ്) ക്രമീകരിച്ച ഇടവക ചുമതലക്കരെ പങ്കെടുത്തവർ പ്രത്യേകം അഭിനന്ദിച്ചു.

ടൗൺ മേയർ സജി പി ജോർജ്, സെക്രട്ടറി സോജി സ്കറിയ, വൈസ് പ്രസിഡന്റ് തോമസ് എബ്രഹാം, ട്രസ്റ്റിമാരായ ജോൺ മാത്യു, സാം മേലേത്ത് തുടങ്ങിയവർ പങ്കെടുത്തു.

10 മണിക്ക് തുടങ്ങിയ പിക്നിക് പ്രോഗ്രാം 3 മണിയോട് കൂടി അവസാനിച്ചു. ഇടവക സെക്രട്ടറി സോജി സ്കറിയ നന്ദി പറഞ്ഞു.

## ഡാളസ് എപ്പിസ്കോപ്പൽ രൂപതയുടെ പുതിയ ബിഷപ്പായി റവ. റോബർട്ട് പി. പ്രൈസ് സ്ഥാനമേറ്റു



**- പി പി ചെറിയാൻ**

ഡാളസ്: ഡാളസ് എപ്പിസ്കോപ്പൽ രൂപതയുടെ എട്ടാമത്തെ ബിഷപ്പായി വെരി. റെവറന്റ് റോബർട്ട് പി. പ്രൈസ് സ്ഥാനമേറ്റു. കഴിഞ്ഞ സെപ്റ്റംബർ 6ന് ഡാളസിലെ ചർച്ച് ഓഫ് ദി ഇൻകാർനേഷനിൽ വെച്ച് നടന്ന ചടങ്ങിൽ, എപ്പിസ്കോപ്പൽ സഭയിലെ പ്രൈമേറ്റും പ്രിസൈഡിംഗ് ബിഷപ്പുമായ മോസ്റ്റ് റവ. സീൻ വാൾട്ടർ റോവ് മുഖ്യ കാർമ്മികനായി.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 30ലധികം ബിഷപ്പുമാരും 100ൽ അധികം വൈദികരും ചടങ്ങിൽ പങ്കെടുത്തു. ആംഗ്ലിക്കൻ കമ്മ്യൂണിയൻ ജനറൽ സെക്രട്ടറി റവ. ആന്റണി പോഗ്ഗോ, ഘാനയിലെ കൊഫോറിഡുവ രൂപതയുടെ ബിഷപ്പ് റവ. ഫെലിക്സ് അന്നാൻസി, ഹോണ്ടുറാസ് രൂപതയുടെ ബിഷപ്പ് റവ.ലോയ്ഡ് അലൻ, ഡൊമിനിക്കൻ റിപ്പബ്ലിക് രൂപതയുടെ ബിഷപ്പ് റവ.മോയ്സസ് ക്വസാഡ മോട്ട എന്നിവർ പങ്കെടുത്ത പ്രമുഖരിൽ ചിലരാണ്. ടെന്നസി രൂപതാ ബിഷപ്പ് റവ.ജോൺ സി. ബോവർഷ്മിഡ് ചടങ്ങിൽ പ്രസംഗിച്ചു. ദൈവഹിതത്തിന് പൂർണ്ണമായി സമർപ്പിക്കുന്നു എന്നതിന്റെ സൂചനയായി, ചടങ്ങിനിടെ പുതിയ ബിഷപ്പ് നിലത്ത് സാഷ്ടാംഗം പ്രണമിച്ചു.

സേവനങ്ങൾക്ക് സംഭാവന നൽകിയവരുടെ പ്രതിനിധികൾ ചടങ്ങിനിടെ പ്രൈസിന് മോതിരം, കുരിശ്, കിരീടം, അംശം, ക്രൊസിയർ എന്നിവ ഉൾപ്പെടെയുള്ള സമ്മാനങ്ങൾ കൈമാറി. തുടർന്ന് വിശുദ്ധ കുർബാനയും വിരുന്നും നടന്നു.

മുൻ ബിഷപ്പ് ജോർജ്ജ് സംനർ വിരമിക്കുന്നതോടെ ബിഷപ്പ് കോഡ്ജ്യൂട്ടേറ്ററായി പ്രവർത്തിക്കുന്ന പ്രൈസ്, ഡാളസ് രൂപതയുടെ പുതിയ ബിഷപ്പായി ചുമതലയേൽക്കും. കഴിഞ്ഞ മെയിൽ നടന്ന രണ്ട് വോട്ടെടുപ്പുകളിലൂടെയാണ് അദ്ദേഹം ഈ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

ചടങ്ങിൽ റൈറ്റ് റെവറന്റ് ജെന്നിഫർ ആൻ ആൻഡിസൺ (ടൊറന്റോ രൂപതയുടെ സഫ്രഗൻ ബിഷപ്പ്), റൈറ്റ് റെവറന്റ് ജോൺ ക്രോഫോർഡ് ബോവർഷ്മിഡ്റ്റ് (ടെന്നസി രൂപതയുടെ ബിഷപ്പ്),റൈറ്റ് റവറന്റ് ജോർജ് റോബിൻസൺ സമ്മർ (ഡാളസ് രൂപതയുടെ ബിഷപ്പ്), റവ. എറിക് കെ. ജെ. ഗ്രോൺബെർഗ് (നോർത്തേൺ ടെക്സസ് നോർത്തേൺ ലൂസിയാന സിനഡ്, ഇവാഞ്ചലിക്കൽ ലൂഥറൻ ചർച്ച് ഓഫ് അമേരിക്ക), റവ. ലിനോ അക്വിലിനോ ലാറ (സാൻ ഫ്രാൻസിസ്കോ ഡി ആസിസ്, ഡാളസ്), റവ. സമീറ പേജ് (ഹോളി നേറ്റിവിറ്റി ആന്റ് ഗേറ്റ്വേ ഓഫ് ഗ്രേസ്, പ്ലാനോ), റവ. ടോം സ്മിത്ത് (സെന്റ് പോൾസ്, പ്രോസ്പർ), റവ. റോയ് തോമസ് (സെന്റ് ആൻഡ്രൂസ്, ഫാർമേഴ്സ് ബ്രാഞ്ച്), ആൻഡ്രൂ ഹോയ്ൽ ആന്റ് മിസ്. ഇൻഗ്രിഡ് ഹോയ്ൽ (സെന്റ് ഡൺസ്റ്റൻസ്, ഹ്യൂസ്റ്റൺ), മിസ്. അഡെൽ ഇച്ചിലിയൻ ആന്റ് മിസ്റ്റർ തിമോത്തി എ. മാക്ക് (സെന്റ് മാത്യൂസ് കത്തീഡ്രൽ, ഡാളസ്) എന്നീ പ്രമുഖർ സഹ കാർമികരായി പങ്കെടുത്തു.

21 September - **World Alzheimer's Day:** World Alzheimer's Day is observed on 21 September to raise awareness among people about the challenges that patient faces due to dementia. In 2012, World Alzheimer's Month was launched.

## ഐ.എ.പി.സി ആൽബെർട്ട ചാപ്റ്റർ സംഘടിപ്പിക്കുന്ന സെമിനാർ 6ന്

**- ജോസഫ് ജോൺ കാൽഗറി**

കാൽഗറി : ഇൻഡോ അമേരിക്കൻ പ്രസ്സ് ക്ലബ് ആൽബെർട്ട ചാപ്റ്ററിന്റെ നേതൃത്വത്തിൽ സെമിനാർ കഥ പറച്ചിൽ സെപ്തംബർ 6, ശനിയാഴ്ച്ച രാവിലെ 8ന് സൂമിൽ സംഘടിപ്പിക്കുന്നു. പ്രമുഖ പത്രപ്രവർത്തകനും, മാതൃഭൂമി എഡിറ്ററുമായ എം. പി. സൂര്യദാസ് മുഖ്യാതിഥി ആയിരിക്കും.

പങ്കെടുക്കാൻ താത്പര്യപ്പെടുന്നവർ
www.indoamericanpressclub.com/albertaseminar
870 0820 8324 passcord 477671

## ഡാളസ് ക്രൈസ്റ്റ് ദി കിംഗ് ക്നാനായ കാത്തലിക് ചർച്ച് സീനിയർ മിനിസ്ട്രി ഓണാഘോഷവും യാത്രയയപ്പും 5ന്

ഡാളസ്: ക്രൈസ്റ്റ് ദി കിംഗ് ക്നാനായ കാത്തലിക് സീനിയർ മിനിസ്ട്രി ഓണം ആഘോഷിക്കുകയും ഫാ.എബ്രഹാം കളരിക്കലിന് യാത്രാമൊഴി നൽകുകയും ചെയ്യുന്നു.

ഡാളസ് ക്രൈസ്റ്റ് ദി കിംഗ് ക്നാനായ കാത്തലിക് സീനിയർ മിനിസ്ട്രി 5, വെള്ളിയാഴ്ച ദേവാലയത്തിലെ പയസ്സ്ത ഹാളിൽ ഓണം ആഘോഷിക്കുന്നു.

പരിപാടികൾ ഫാ. ജോർജ് വാണിയപ്പുരക്കലിന്റെ നേതൃത്വത്തിലുള്ള വിശുദ്ധ കുർബാനയോടെ ആരംഭിക്കും. ചിക്കാഗോയിലേക്ക് സ്ഥലം മാറിപ്പോകുന്ന വികാരി ഫാ.എബ്രഹാം കളരിക്കലിന് സീനിയർ മിനിസ്ട്രി യാത്രയയപ്പ് നൽകും. ഡോ. പ്രിയ കരക്കാട്ടിൽ പ്രത്യേക പ്രസന്റേഷൻ നടത്തും.

സീനിയർ അംഗങ്ങൾ അവതരിപ്പിക്കുന്ന കലാപരിപാടികളും രുചികരമായ ഓണസദ്യയും പരിപാടിയുടെ ഭാഗമായി ഉണ്ടായിരിക്കും. മിനിസ്ട്രി പ്രസിഡന്റ് തിയോഫിൻ ചാമക്കാലയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി അംഗങ്ങളാണ് പരിപാടികൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നത്.

## വി പി സത്യൻ മെമ്മോറിയൽ ട്രോഫിക്കു ഉജ്വല തുടക്കം; ടൂർണമെന്റിനു ആവേശമേകി മുൻ ദേശീയ താരങ്ങളും

**- മാർട്ടിൻ വിലങ്ങോലിൽ**

ഹൂസ്റ്റൺ: നോർത്ത് അമേരിക്കയിലെ മലയാളി ഫുട്ബോൾ ക്ലബ്ബുകൾ പങ്കെടുക്കുന്ന നാലാമതു വി. പി.സത്യൻ മെമ്മോറിയൽ സോക്കർ ടൂർണമെന്റിനു ടെക്സാസിലെ ഹൂസ്റ്റണിൽ ഉജ്വല തുടക്കം.

സെപ്റ്റംബർ 5 വെള്ളിയാഴ്ച പ്രാഥമിക റൗണ്ടു കളോടെ മത്സരങ്ങൾ തുടങ്ങി. 6 ശനിയാഴ്ച്ച നടന്ന ടൂർണമെന്റിന്റെ ഔദ്യോഗിക ഉദ്ഘാടനം മലയാളികളായ 240വേ ടെക്സാസ് ഡിസ്ട്രിക്ട് കോർട്ട് ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, ഫോർട്ട് ബെൻഡ് കൗണ്ടി കോർട്ട് അറ്റ് ലോ 3 ജഡ്ജ് ജൂലി മാത്യു, മലയാളി അസോസിയേഷൻ എന്നിവർ പന്ത് തട്ടി നിർവഹിച്ചു.

ഗ്രേറ്റർ ഹൂസ്റ്റൺ പ്രസിഡന്റ് ജോസ് കെ ജോൺ, എൻഎംഎസ്എൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ അശാന്ത് ജേക്കബ് (പ്രസിഡന്റ്), അജിത് വർഗീസ് (വൈസ് പ്രസിഡന്റ്), പ്രദീപ് ഫിലിപ്പ് (സെക്രട്ടറി), ജോൺ പോൾ ചുള്ളിയിൽ (ജോയിന്റ് സെക്രട്ടറി), പ്രിൻസ് തോമസ് (ട്രഷറർ), പോൾ സ്റ്റീഫൻ (ചെയർമാൻ ഹൂസ്റ്റൺ യുണൈറ്റഡ്) എന്നിവർ സന്നിഹിതരായി.

മുൻ ഇന്ത്യൻ ദേശീയ താരങ്ങളുടെ സാന്നിധ്യം ടൂർണമെന്റിൽ ആവേശമായി. സന്തോഷ് ട്രോഫി മുൻ കേരള ക്യാപ്റ്റനും ഇന്ത്യൻ ലീഗ് താരവുമായ ലേണൽ തോമസ്, സന്തോഷ് ട്രോഫി (മഹാരാഷ്ട്ര), ഇന്ത്യൻ ബാങ്ക്, എയർ ഇന്ത്യാ തുടങ്ങിയ ടീമുകളിൽ കളിച്ച ഡെന്നീസ് ജോർജ് എന്നിവർ കാനഡയിൽ നിന്നെത്തിയ എഫ്സി ഡയമണ്ട് ടീമിന് വേണ്ടി ബൂട്ടണിഞ്ഞു.

ടൂർണമെന്റിന് ആതിഥ്യം വഹിക്കുന്നത് ഹൂസ്റ്റൺ യുണൈറ്റഡ് ആണ്. ക്യാമ്പ് സിയന്ന സ്പോർട്സ് കോംപ്ലക്സാണ് മത്സരവേദി. ഓപ്പൺ, 30 പ്ലസ്, 45 പ്ലസ് കാറ്റഗറികളിൽ അമേരിക്കയിലെയും കാനഡയിൽ നിന്നുമായി ഇരുപതോളം ടീമുകൾ പങ്കെടുത്തു.

## ജോർജിയയിലെ ഹ്യുണ്ടായ് മെറ്റാപ്ലാന്റിൽ വൻ ഇമിഗ്രേഷൻ റെയ്ഡ്, 475 പേരെ അറസ്റ്റ് ചെയ്തു

**- പി പി ചെറിയാൻ**

ജോർജിയ: ജോർജിയയിലെ ഹ്യുണ്ടായ് മെഗാപ്ലാന്റിൽ വലിയ കുടിയേറ്റ റെയ്ഡ്. 475 പേർ അറസ്റ്റിലായി. മിക്കവരും കൊറിയൻ പൗരന്മാരാണ്. ട്രംപ് ഭരണകൂടത്തിന്റെ കുടിയേറ്റ വിരുദ്ധ നടപടികളുടെ ഭാഗമായാണ് റെയ്ഡ്. അനധികൃതമായി താമസിക്കുകയും ജോലി ചെയ്യുകയും ചെയ്ത വരാണ് അറസ്റ്റിലായതെന്ന് ഹോംലാൻഡ് സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻസ് അറിയിച്ചു. പിടിയിലായവരിൽ ഹ്യൂണ്ടായ് കമ്പനിയുടെ നേരിട്ടുള്ള ജീവനക്കാർ ഇല്ലെന്നാണ് കമ്പനി വക്താവ് അറിയിച്ചത്. റെയ്ഡിനെത്തുടർന്ന് ഇവി ബാറ്ററി പ്ലാന്റിന്റെ നിർമ്മാണം നിർത്തിവച്ചു. ഇത് മാസങ്ങളായി നടന്നുവന്ന ഒരു ക്രിമിനൽ അന്വേഷണത്തിന്റെ ഭാഗമാണെന്ന് അധികൃതർ വ്യക്തമാക്കി.

## സൗത്ത് ഫ്ലോറിഡ കേരള സമാജം ഓണാഘോഷം




**- ജെയിംസ് മുളവന**

സൗത്ത് ഫ്ലോറിഡ: കേരള സമാജം സൗത്ത് ഫ്ലോറിഡയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓണമഹോത്സവം 2025 ആഘോഷങ്ങൾക്ക് അഭൂത പൂർവ്വമായ തിളക്കത്തോടെ പര്യവസാനം. ആഗസ്റ്റ് 23 ശനിയാഴ്ച നടത്തപ്പെട്ട പ്രസ്തുത ആഘോഷങ്ങൾക്ക് 1500 ൽ അധികം ആളുകളാണ് പങ്കെടുത്തത്. ഈ സംഘടനയുടെ ചരിത്രത്തിലാദ്യമായി ഉച്ച സമയത്തുള്ള ഓണ സദ്യയും അതെ തുടർന്നുള്ള കലാ പരിപാടികളും ഇവിടുത്തെ മലയാളി സമൂഹത്തിന്റെ മുക്ത കണ്ഠമായ പ്രശംസയ്ക്ക് പാത്രീഭൂതമാക്കി.

ഓണപ്പൂക്കളം, തിരുവോണ സദ്യ, ചെണ്ട മേളം, കലാപരിപാടികൾ എന്നിവയായിരുന്നു ആഘോഷത്തിന്റെ മുഖ്യ ആകർഷണങ്ങൾ. സംഘടനയുടെ 41 വർഷത്തെ ചരിത്രം പേറുന്ന ശംഖൊലി എന്ന സുവനീറിന്റെ പ്രകാശനവും ഈ ഒത്തുചേരലിൽ നിർവഹിക്കപ്പെട്ടു. ടീം മയാമി ഒരുക്കിയ സംഗീത നൃത്ത നാടകം (വൈശാലി) ഇത്തവണത്തെ കലാപരിപാടികളിലെ പ്രമുഖ ആകർഷണമായിരുന്നു. വളരെ കൃത്യതയോടും, വ്യക്തമായ സംഘടനാ മികവോടും കൂടെ നടത്തപ്പെട്ട സദ്യ വിളമ്പൽ മലയാളി മനസ്സുകൾക്ക് ഓണം പോലെ തന്നെ ഹൃദ്യമായ അനുഭവമായി.

സമാജം പ്രസിഡന്റ് ബിജു ജോൺ നിലവിളക്കു തെളിച്ച് ഔപചാരികമായി ഉദ്ഘാടനം നിർവ്വഹിച്ച പ്രസ്തുത ആഘോഷ പരിപാടിയിൽ, ടൗൺ ഓഫ് ഡേവി മേയറായ ബഹു. ജൂഡി പോളിനെ സൗത്ത് ഫ്ലോറിഡയിലെ മലയാളി സമൂഹത്തിനു നൽകുന്ന പിന്തുണകൾക്കുള്ള അംഗീകാരമെന്ന നിലയിൽ പ്രത്യേക ഫലകം നൽകി ആദരിച്ചു. ഏറ്റവും നല്ല സിപിഎക്കുള്ള ഫോബ്സ് മാഗസിന്റെ പുരസ്കാരം ലഭിച്ച ജോസ് തോമസ്സിനെയും ചടങ്ങിൽ പ്രത്യേകമായി ആദരിക്കുകയുണ്ടായി. അവർ ലേഡി ഓഫ് ഹെൽത്ത് സീറോ മലബാർ കാത്തലിക് ചർച്ചിന്റെ വികാരിയായ ഫാ.ജോർജ് ഇളമ്പാശ്ശേരിൽ ഓണ സന്ദേശം നൽകി.

സമാജത്തിന്റെ ഈ വർഷത്തെ ഭാരവാഹികളായി താഴെപ്പറയുന്ന വ്യക്തികൾ വിവിധ ചുമതലകൾ നിർവഹിക്കുന്നു. ബിജു ജോൺ (പ്രസിഡന്റ്), ഷാജൻ കുറുപ്പുമഠം (വൈസ് പ്രസിഡന്റ്), മാത്യു ജോൺ (സെക്രട്ടറി ), നിധീഷ് ജോസഫ് (ട്രഷറർ), സഞ്ജയ് നടുപറമ്പിൽ (ജോയിന്റ് സെക്രട്ടറി), രതീഷ് ചിത്രാലയ (ജോയിന്റ് ട്രഷറർ), ജെയിംസ് മുളവന (പബ്ലിക് റിലേഷൻസ് ഓഫീസർ), സുനീഷ് പൗലോസ് (പ്രോഗ്രാം കോർഡിനേറ്റർ), ജോബി കൊറ്റം (സ്പോർട്സ് കോർഡിനേറ്റർ), ജിൻസ് ഫിലിപ്പ് മാത്യു (പ്രൊഡക്ഷൻ കൺട്രോളർ ആന്റ് സീനിയർ യൂത്ത് കോർഡിനേറ്റർ), ഡോ.ജോജി ഗീവർഗീസ് (മീഡിയ), വിവേക് തോമസ് പണിക്കർ, ജെയ്സൺ ജെയിംസ്, ജിജോ സാമുവേൽ, ഡോ. ദിവ്യ വർഗീസ്, ജിനി ഷൈജു (കിഡ്സ് ആൻഡ് യൂത്ത് കമ്മിറ്റി കോർഡിനേറ്റർസ്), നോയൽ മാത്യു (പ്രസിഡണ്ട് എലെക്ട്), ഷിബു ജോസഫ് (എക്സ് ഓഫീഷിയോ).

## ഗ്ലോബൽ ഇന്ത്യൻ കൗൺസിലിന്റെ മികച്ച ഫോട്ടോഗ്രാഫർ അവാർഡ് ബെന്നി ജോണിന്




**- സിജു വി ജോർജ്**

ഗാർലാൻഡ്: ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ ബെന്നി ജോണിന് മികച്ച ഫോട്ടോഗ്രാഫർ അവാർഡ് നൽകി ആദരിച്ചു. ഗാർലൻഡിലെ കിയ ഓഡിറ്റോറിയത്തിൽ 7 ശനിയാഴ്ച വൈകിട്ട് ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ സംഘടിപ്പിച്ച ഓണാഘോഷ പരിപാടികൾക്കിടയിലാണ് ബെന്നി ജോണിന് ഗാർലൻഡ് സിറ്റി മേയർ ഡിലൻ ഹെൻട്രിക്കിൽ നിന്ന് പുരസ്കാരം ലഭിച്ചത്. സണ്ണിവെയിൽ ടൗൺ മേയർ സജി ജോർജ്, ഡാലസ് കൗണ്ടി ജഡ്ജ് മാർഗരറ്റ് ഒബ്രായൻ എന്നിവരും ബെന്നി ജോണിനെ അനുമോദിച്ചു.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി ഡാലസ് മെട്രോപ്ലക്സിൽ മികച്ച രീതിയിൽ ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി എന്നിവ ചെയ്യുന്ന ബെന്നി ജോൺ സാമൂഹ്യ പ്രവർത്തന രംഗത്ത് പ്രതിഫലേച്ഛകൂടാതെ പ്രവർത്തിക്കുന്ന വ്യക്തി കൂടിയാണെന്ന് ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ് പിസി മാത്യു പ്രസ്താവിച്ചു. തന്റെ മൂന്ന് പതിറ്റാണ്ടുകളായുള്ള പ്രവർത്തനങ്ങളുടെ അർഹമായ അംഗീകാരമാണ് ഈ അവാർഡ് എന്ന് മാധ്യപ്രവർത്തകൻ പി പി ചെറിയാൻ അഭിപ്രായപ്പെട്ടു.

22 September - **Rose Day (Welfare of Cancer patients):** Rose Day is observed on 22 September for the welfare of cancer patients or we can say that this day marks the hope for cancer patients that cancer is curable. This day is celebrated in memory of 12-year-old Melinda Rose of Canada, who when diagnosed with a rare form of blood cancer did not give up hope.

## സേക്രട്ട് ഹാർട്ട് ക്നാനായ കത്തോലിക്ക ദേവാലയ സ്ഥാപനത്തിന്റെ ഉദ്ഘാടനം

ചിക്കാഗോ പ്രവാസി ക്നാനായ കത്തോലിക്കരുടെ ആദ്യ ദേവാലയമായ ചിക്കാഗോയിലെ സേക്രട്ട് ഹാർട്ട് ക്നാനായ കത്തോലിക്ക ദേവാലയ സ്ഥാപനത്തിന്റെ ഇരുപതാണ്ടുകൾ. ഇതിന്റെ ഉദ്ഘാടനം 7 ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം ക്നാനായ റീജൻ വികാരി ജനറലും ഇടവക വികാരിയുമായ ഫാ. തോമസ് മുഴുവനാൽ നിർവ്വഹിച്ചു.

അസിസ്റ്റന്റ് വികാരി ഫാദർ ബിൻസ് ചേർത്തലിൽ, കൈക്കാരന്മാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തേലം, മതിയാസ് പുല്ലാപ്പള്ളി, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപ്പറമ്പിൽ, പാരിഷ് കൗൺസിൽ അംഗങ്ങൾ, വിമൻസ് ആൻഡ് മെൻസ് മിനിസ്ട്രി കോർഡിനേറ്റർമാർ, ദേവാലയ എക്സിക്യൂട്ടീവ് അംഗങ്ങൾ, അൾത്താര ശുശ്രൂഷകർ, വിശ്വാസ പരിശീലകർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. വാർഷികാഘോഷത്തിന്റെ ഭാഗമായി ഇടവക പിക്നിക്ക് നടത്തപ്പെട്ടു.

## അസോസിയേഷൻ ഓഫ് റ്റാമ്പാ ഹിന്ദു മലയാളിയുടെ ഓണം

**- അരുൺ ഭാസ്കർ**

റ്റാമ്പാ: അസോസിയേഷൻ ഓഫ് റ്റാമ്പാ ഹിന്ദു മലയാളി (ആത്മ) വിപുലമായ രീതിയിൽ ഓണം ആഘോഷിക്കുന്നു. ഓണം കേരളത്തനിമയോടെ ആണ് നടത്തപ്പെടുന്നത്.

സെപ്റ്റംബർ പതിമൂന്നാം തിയതി ശനിയാഴ്ച, ടാമ്പാ ഹിന്ദു ടെംപിളിൽ വച്ചാണ് ഓണാഘോഷങ്ങൾ നടത്തപ്പെടുന്നത്. ഓണ സദ്യയോടെ ആരംഭിക്കുന്ന ആഘോഷങ്ങളിൽ കുട്ടികളുടേതുൾപ്പടെ ഇരുപതിൽപരം പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഓണ സദ്യക്ക് ശേഷം, ചെണ്ടമേളത്തോടുകൂടെ മാവേലിയുടെ എഴുന്നള്ളത്തും ഉണ്ടായിരിക്കുന്നതാണ്.

കൾച്ചറൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആത്മയുടെ യൂത്ത് ഫോറം കുട്ടികളെ പരമാവധി പങ്കെടുപ്പിച്ചുകൊണ്ടാണ് ഓണപരിപാടികൾ ഒരുക്കിയിരിക്കുന്നത് . ഇതിലൂടെ പുതിയ തലമുറയ്ക്ക് നമ്മുടെ ആഘോഷങ്ങൾ അടുത്തുകാണുവാനും പങ്കെടുക്കുവാനുമുള്ള അവസരം ലഭിക്കുന്നു.

22 September - **Navratri:** Navratri is an annual festival celebrated to honour Goddess Durga and occurs twice a year, known as Chaitra Navratri and Sharad Navratri. In 2025, Sharad Navratri will begin on 3rd October.

22 September - **World Rhino Day:** It is observed on 22 September every year. The day raises awareness and builds a safe natural habitat for this incredible species.

25 September - **World Pharmacists Day:** It is observed on 25th September annually. In 2009, the International Pharmaceutical Federation (FIP) Congress in Istanbul, Turkey designated 25th September as the annual World Pharmacists Day (WPD).

## ഡാലസ് ക്നാനായ കത്തോലിക്കാ അസോസിയേഷൻ ഓണാഘോഷം നടന്നു

**- പി പി ചെറിയാൻ**

ഡാലസ്: ക്നാനായ കത്തോലിക്കാ അസോസിയേഷൻ ഓഫ് ഡാലസ്ഫോർത്ത്വർത്ത് ഓണം2025 കേരളീയ സാംസ്കാരിക മികവവോടെ ആഘോഷിച്ചു.

ക്രൈസ്റ്റ് ദി കിംഗ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ക്നായ് തോമ്മൻ ഹാളിൽ നടന്ന ചടങ്ങ് വൈകിട്ട് 6.30ന് മഹാബലിയുടെയും താലപ്പൊലിയേന്തിയ മഹിളാമണികളുടെയും ചെണ്ടമേളവും ചുണ്ടൻ വള്ളവും അണിനിരത്തിയ സാംസ്കാരിക ഘോഷയാത്രയോടെ വിശിഷ്ടാതിഥികളെ വരവേറ്റു.

എൽദോസ് മാത്യു പുന്നൂസ് ഐഎഫ്എസ്, ഇന്ത്യയുടെ ഐക്യരാഷ്ട്രസഭാ സ്ഥിരം മിഷനിലെ കൗൺസിലർ, മറ്റു മുഖ്യാതിഥികളായി സിനിമാ കലാകാരൻ ജോസുകുട്ടി വലിയകല്ലുങ്കൽ, കെ.സി. സി.എൻ.എ. ട്രഷറർ ജോജോ തറയിൽ, ക്രൈസ്റ്റ് ദി കിംഗ് പാരീഷ് വികാരി റവ.ഫാ. എബ്രഹാം കള രിക്കൽ എന്നിവർ പങ്കെടുത്തു.

പ്രസിഡണ്ട് ബൈജു അലാപ്പാട്ട് സ്വാഗതം പറഞ്ഞു. ജോസുകുട്ടി വലിയകല്ലുങ്കൽ, ജോജോ തറ യിൽ, റവ.ഫാ. എബ്രഹാം കളരിക്കൽ എന്നിവർ ആശംസകളും പങ്കുവച്ചു. ചിക്കാഗോയിലേക്ക് സ്ഥലം മാറി പോകുന്ന റവ. ഫാ. അബ്രഹാം കളരിക്കലിനും വീശിഷ്ടാതിഥികൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റി മോമെന്റോ സമ്മാനിച്ചു.

പ്രസിഡന്റ് ബൈജു പുന്നൂസ് അലാപ്പാട്ട്, വൈസ് പ്രസിഡന്റ് ജോബി പഴുക്കായിൽ, ജോയിന്റ് സെക്രട്ടറി അജീഷ് മുളവിനാൽ, ട്രഷറർ ഷോൺ ഏലൂർ, നാഷണൽ കൗൺസിൽ മെംബേർസ് ബിബിൻ വില്ലൂത്തറ, ജിജി കുന്നശ്ശേരിയിൽ, സേവ്യർ ചിറയിൽ, ഡോ.സ്റ്റീഫൻ പോട്ടൂർ, സിൽവെസ്റ്റർ കോടുന്നിനാം കുന്നേൽ, ലൂസി തറയിൽ, തങ്കച്ചൻ കിഴക്കെപുറത്ത്, സുജിത് വിശാഖംതറ, കെവിൻ പല്ലാട്ടുമഠം, വിമെൻസ് ഫോറം പ്രസിഡന്റ് ലിബി എരിക്കാട്ടുപറമ്പിൽ, യുവജനവേദി പ്രസിഡന്റ് റോണി പതിനാറുപറയിൽ കെ.സി.വൈ.എൽ. പ്രസിഡന്റ് ജെയിംസ് പറമ്പേട്ട്. കെ.സി.എ.ഡി.എഫ്.ഡബ്ല്യു വിമൻസ് ഫോറം, കെ.സി.വൈ.എൽ. കിഡ്സ് ക്ലബ് എന്നീ ഘടകങ്ങളും അനവധി വോളണ്ടിയർമാരും പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചു.

## കാലിഫോർണിയയിൽ മങ്കയുടെ പൊന്നോണം



**- ബിന്ദു ടിജി**

മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ (മങ്ക) പ്രസിഡന്റ് സുനിൽ വർഗ്ഗീസിന്റെ നേതൃത്വപാടവത്തിൽ ഈ വർഷത്തെ ഓണാഘോഷം കാലിഫോർണിയയിൽ ചരിത്രം കുറിച്ചു. മലയാളിത്തനിമ നിറഞ്ഞ ഈ ആഘോഷത്തിൽ ഏകദേശം മൂവായിരം പേരോളം പങ്കെടുത്തു. നാടിന്റെ പൈതൃകവും സംസ്കാരവും വിളിച്ചോതുന്ന കലാ പരിപാടികളും ഓണ പാട്ടുകളും പൂവിളികളും രുചിയൂറുന്ന ഭക്ഷണ വിഭവങ്ങളുമായി മധുര മനോഹരമായി പൊന്നോണം.

റിയലെറ്റർ ഷാജു വർഗ്ഗീസ് ആയിരുന്നു ഗ്രാൻഡ് സ്പോൺസർ. സാൻ ഫ്രാൻസിസ്കോ ഡെപ്യൂട്ടി കോൺസൽ ജനറൽ രാകേഷ് അഡ്ലാഖ പരിപാടി ഉദ്ഘാടനം ചെയ്തു. എംഎൽഎയും മുൻ മന്ത്രിയുമായ മോൻസ് ജോസഫ് ആയിരുന്നു മുഖ്യാതിഥി. കലാമണ്ഡലം ശിവദാസൻ വിശിഷ്ടാതിഥി ആയിരുന്നു. മുഖ്യ കോഓർഡിനേറ്റർ ആയ മേരിദാസൻ ജോസഫ് ഏവരെയും ഊഷ്മളമായി സ്വാഗതം ചെയ്തു.

ചരിത്രം കുറിച്ചുകൊണ്ട് മലയാളിത്തനിമയോടെ മുപ്പതോളം വിഭവങ്ങളുമായി പഴയിടവും സിനോയ്സ് കിച്ചനും ചേർന്നൊരുക്കിയ പഴയിടം ഓണസദ്യയായിരുന്നു ആയിരങ്ങളെ ആകർഷിച്ച പ്രധാന ഇനം. മങ്ക ബോർഡ് ഓഫ് ഡയറക്ടേഴ്സ് ആയ സ്മിത രാമചന്ദ്രൻ, ലിസി ജോൺ എന്നിവർ കലാപരിപാടികൾക്ക് നേതൃത്വം നൽകി. ഇന്ത്യൻ പെർഫോമിംഗ് ആർട്സ് സെന്റർ (ഐ പാക്) ഒരുക്കിയ ഗാനമേള ഏറെ അകർഷണീയമായിരുന്നു. മങ്ക ബോർഡ് ഓഫ് ഡയറക്ടർ ജോൺ പോൾ വർക്കി നന്ദി പറഞ്ഞു.

കർമ്മ നിരതരും കഠിനാധ്വാനികളും ആയ മങ്ക ടീമിന്റെയും വളണ്ടിയേഴ്സിന്റെയും അതിസൂക്ഷ്മമായ ആസൂത്രണ പാടവം ഒന്നുകൊണ്ട് മാത്രമാണ് ഇത്രയും നിറപ്പകിട്ടാർന്ന ഒരു പൊന്നോണം ബേ ഏരിയ മലയാളികൾക്ക് സമ്മാനിക്കാൻ സാധിച്ചത്. പ്രസിഡന്റ് സുനിൽ വർഗ്ഗീസ് ഏവരെയും ഈ നിസ്വാർത്ഥ സേവനത്തിന് വ്യക്തിപരമായി അനുമോദനം അർപ്പിച്ച് ആദരിച്ചു.

പ്രസിഡന്റ് സുനിൽ വർഗ്ഗീസിന്റെ നേതൃത്വത്തിൽ നടന്ന ഈ ഓണാഘോഷം മലയാളിത്തനിമയുടെ പ്രതീകമായി ബേ ഏരിയ മലയാളികളുടെ മനസ്സിൽ മധുരമുള്ള ഓർമ്മയായി എന്നെന്നും നിലനിൽക്കും.

## കേരള ക്ലബിന്റെ ഓണാഘോഷം



**- പി പി ചെറിയാൻ**

ചിക്കാഗോ: കേരള ക്ലബിന്റെ ഓണാഘോഷം ഓഗസ്റ്റ് 30ന് ശനിയാഴ്ച ഡസ്പ്ലെയിൻസിലുള്ള ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് പ്രൗഡഗംഭീരമായി നടത്തപ്പെട്ടു. കടുത്തുരുത്തി എം.എൽ.എ മോൻസ് ജോസഫ് മുഖ്യാതിഥിയായിരുന്നു.

മഹാരാജാ കേറ്ററിംഗ് സർവീസിന്റെ വിഭവസമൃദ്ധമായ ഓണസദ്യയോടെ പരിപാടികൾ ആരംഭിച്ചു. ഫുഡ് കോർഡിനേറ്റേഴ്സായ തോമസ് പനയ്ക്കൽ, രാജൻ തലവടി, ബെൻ കുര്യൻ, മത്തിയാസ് പുല്ലാപ്പള്ളിൽ എന്നിവർ സദ്യയ്ക്ക് നേതൃത്വം നൽകി.

കേരള ക്ലബിലെ വനിതകൾ ഒരുക്കിയ പൂക്കളം വളരെ നയന മനോഹരമായിരുന്നു. സോളി കുര്യൻ പൊതു സമ്മേളനത്തിന്റെ എം.സിയായിരുന്നു. ദിലീപ് മുരിങ്ങോത്തിന്റെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച പൊതു സമ്മേളനത്തിൽ സെക്രട്ടറി ജോയി ഇണ്ടിക്കുഴി സ്വാഗതം പ്രസംഗം നടത്തി.

ഡോ.സാൽബി ചേന്നോത്ത്, ബെന്നി വാച്ചാച്ചിറ എന്നിവർ ഓണസന്ദേശം നൽകി. തുടർന്ന് ജാനെറ്റ് പയസ്, റെജി മുളകുന്നം എന്നിവരുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു. ഹാസ്യമനോഹരമായി പുരുഷന്മാർ അവതരിപ്പിച്ച തിരുവാതിര പരിപാടികൾക്ക് മാറ്റുകൂട്ടി.

ജാനെറ്റ് പയസ്, റെജി മുളകുന്നം, റെറ്റി അച്ചേട്ട്, ബീന കണ്ണൂക്കാടൻ എന്നിവരാണ് ഈ വ്യത്യസ്ത തിരുവാതിര കോറിയോഗ്രാഫി നിർവഹിച്ചത്. കേരളാ സെന്ററിന്റെ അനുഗ്രഹീത ഗായകരുടെ ഗാനമേളയും പരിപാടികൾക്ക് മാറ്റുകൂട്ടി. ട്രഷറർ പ്രവീൺ തോമസ് കൃതജ്ഞത പറഞ്ഞു.



*ക്നാനായ കത്തോലിക്കാ അസോസിയേഷൻ ഓഫ് ഡാലസ്ഫോർത്ത്വർത്ത് ഓണം*

# ന്യൂ യോർക്ക് സെന്റ് തോമസ് മാർ തോമ ഇടവക ലേബർ ഡേ ബാർബിക്യു നടത്തി

**– പി.ടി. തോമസ്**

ആണ്ടുതോറും നടത്തിവരാറുള്ള ന്യൂ യോർക്ക് സെന്റ് തോമസ് മാർ തോമ ഇടവക ലേബർ ഡേ ബാർബിക്യു ഈ വർഷവും ലേബർ ഡേ ദിനത്തിൽ നടത്തി. സെപ്തംബർ 1നു 12 മണിയോടുകൂടി പരിപാടി ആരംഭിച്ചു. ഇടവകയുടെ സമീപ പ്രദേശത്തുള്ള മുന്നൂറോളം ആളുകൾ പങ്കെടുത്തു.

ഇടവകയിലെ ആളുകളോടൊപ്പം അയൽവക്കത്തെ നാനാ ജാതി മതസ്ഥരായ ആളുകളേയും വിവിധ ഭക്ഷ്യ വസ്തുക്കളും പാനീയങ്ങളും നൽകി സ്വീകരിച്ചു. കുട്ടികൾക്കായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിരുന്നു. ഇടവകയിലെ യുവജനങ്ങൾ ഹെന്ന മുതലായ പരിപാടികൾക്ക് നേതൃത്വം നൽകി.

വെസ്റ്റ്ചെസ്റ്റർ കൗണ്ടിയുടെ മുൻ എക്സിക്യൂട്ടീവും ഇപ്പോൾ കോൺഗ്രസ് അംഗവുമായ ഹോൺ ജോർജ് ലാറ്റിമാർ പരിപാടിയിൽ പങ്കെടുക്കുകയും വളരെ അധികം സമയം ഇടവക ജനങ്ങളോടും പരിസര നിവാസികളോടും സംസാരിക്കുകയും ചെയ്തു.

കുട്ടികൾക്ക് സ്കൂൾ ബാഗ്സും സ്കൂളിലേക്ക് ആവശ്യമായ സാധനങ്ങളും വിതരണം ചെയ്തു. ഇടവകയുടെ യൂത്ത് ഫെല്ലോഷിപ്പ് നേതൃത്വം കൊടുത്ത ഈ പരിപാടിയിൽ, വികാരി റവ. ജോൺ ഫിലിപ്പ്, മറ്റു ഭാരവാഹികൾ, സൺഡേ സ്കൂൾ, ഇടവകമിഷൻ, സേവികാ സംഘം, യുവജനസഖ്യം എന്നിവരും പങ്കു വഹിച്ചു.

25 September - **Antyodaya Diwas:** In 2014, on 25th September 'Antyodaya Diwas' was declared in honour of Pandit Deen Dayal Upadhyaya's 98th Birth Anniversary.

26 September - **European Day of Languages:** European Day of Languages is celebrated on 26 September annually to promote awareness among the public about the importance of language learning and protecting the heritage of the language.

26 September - **World Contraception Day:** World Contraception Day is observed on 26 September annually. It is a global campaign to improve awareness about the contraceptive methods available and enable young people to make informed decisions regarding their sexual and reproductive health.

# ഹഡ്സൺ മലയാളി അസോസിയേഷന്റെ ഓണാഘോഷം നടന്നു

ന്യൂയോർക്ക്: ഹഡ്സൺ മലയാളി അസോസിയേഷന്റെ 2025ലെ മെഗാ ഓണം സ്പ്രിംഗ് വാലിയിലുള്ള കക്കിയാത്ത് എലിമെന്ററി സ്കൂളിൽ വർണാഭമായി ആഘോഷിച്ചു.

കേരളത്തനിമയോടെ ഓണ പൂക്കളം, തിരുവാതിര, ചെണ്ടമേളം, മാവേലിയുടെ എഴുന്നള്ളത്ത്, നൃത്തനൃത്യങ്ങൾ, വിഭവസമൃദ്ധമായ സദ്യ എന്നിവയ്ക്കുപുറമെ സാന്ദ്രലയ മീഡീയ അറ്റ്ലാന്റാ അവതരിപ്പിച്ച് ശ്രുതിമധുരമായ ഗാനമേള ആയിരുന്നു മുഖ്യ ആകർഷണം.

പൊതുയോഗത്തിൽ ഫോമാ ആർ.വി.പി. കൂടിയായ പി.ടി. തോമസ് ആയിരുന്നു മുഖ്യാതിഥി. ഹഡ്മ വൈസ് പ്രസിഡന്റ് ബിനു പോൾ അധ്യക്ഷത വഹിച്ചു. ജോസഫ് കുരിയപ്പുറം ആയിരുന്നു എം.സി.വർക്കി പള്ളിത്താഴത്ത് മാവേലി ആയി.

ഓണത്തിന്റെ വ്യത്യസ്തമായ ഐതിഹ്യങ്ങൾ വിവരിച്ച പി.ടി. തോമസ് നാം സ്വപ്നം കാണുന്ന നല്ല കാലത്തിന്റെ പ്രതീകമാണ് ഈ ആഘോഷമെന്ന് ചൂണ്ടിക്കാട്ടി. ഹിന്ദു പുരാണങ്ങളനുസരിച്ച് മഹാബലി കേരളം ഭരിച്ചതായി കാണുന്നില്ല. ഇപ്പോൾ പാക്കിസ്ഥാനിലുള്ള മുൾട്ടാൻ ആയിരുന്നു മഹാബലിയുടെ ആസ്ഥാനമത്രെ. ദ്രാവിഡ വംശജർ തെക്കേ ഇന്ത്യയിലേക്ക് പോന്നപ്പോൾ കൂടെ കൊണ്ടു പോന്നതാകാം ഈ ഐതിഹ്യം. അത് പോലെ മഹാബലിയെ പാതാളത്തിലേക്കല്ല, ഏറ്റവും ശ്രേഷ്ഠമായ സുതലത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുകയായിരുന്നു എന്നും പറയുന്നു.

കഥ എന്തായാലും നന്മയും സാഹോദര്യവും സമത്വവും നിറഞ്ഞ നല്ല കാലത്തിന്റെ പ്രതീക്ഷയാണ് ഓണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇന്ത്യാക്കാരുടെ പല ആഘോഷങ്ങളും മുഖ്യധാരയിലുള്ളവർക്ക് അരോചകവും ശല്യവും ആകുന്ന തരത്തിൽ പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും നടത്താതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ഫൊക്കാന ഇന്റർനാഷണൽ പ്രസിഡന്റ് സണ്ണി മറ്റമന ചൂണ്ടിക്കാട്ടി. സമൂഹത്തിലുണ്ടാവുന്ന മാറ്റങ്ങളെപ്പറ്റി നാം ബോധവാന്മാരാകണം.

ഫൊക്കാന ഇന്റർനാഷണൽ കോർഡിനേറ്റർ ഡോ. കല ഷാഹി, ട്രഷറർ എബ്രഹാം കളത്തിൽ, ടോം നൈനാൻ, റോയി ചെങ്ങന്നൂർ എന്നിവരും ആശംസകൾ നേർന്നു. സ്പോൺസർമാരായ സർജൻ ഡോ.വാസു ചിരുമാമില, കാർഡിയോളജിസ്റ്റ് ഡോ.അമല ചിരുമാമില എന്നിവരും സംസാരിച്ചു. ജാസ്മിൻ, നിയ എന്നിവരുടെ നൃത്തം, ജെംസൺ കുര്യാക്കോസിന്റെ ഗാനം, കൈലാസ് നെടുമലയിലിന്റെ വയലിൻ എന്നിവയും ആഘോഷങ്ങൾ ഹൃദ്യമാക്കി. സാന്ദ്രാലയയുടെ ഗാനമേളയിൽ അന്തരിച്ച നടൻ എൻ.എഫ്. വർഗീസിന്റെ കൊച്ചുമകൾ ഇഷ, മാറ്റ് (മത്തായിച്ചൻ), വിനീഷ്, സന്ദീപ്, ഷാജി ജോൺ എന്നിവർ ആയിരുന്നു ഗായകർ.

# പയനിയർ ക്ലബിന്റെ ഓണാഘോഷം ഹൃദ്യമായി; രാജ്മോഹൻ ഉണ്ണിത്താൻ എം.പി. മുഖ്യാതിഥി




ന്യു യോർക്ക്: പയനിയർ ക്ലബ്ബ് ഓഫ് കേരളൈറ്റ്സ് ഇൻ നോർത്ത് അമേരിക്കയുടെ ഓണാഘോഷം ഹൃദ്യമായ പരിപാടികളോടെ കേരള കിച്ചൺ നടത്തി. രാജ്മോഹൻ ഉണ്ണിത്താൻ എം.പി. ആയിരുന്നു മുഖ്യാതിഥി.

ഓഗസ്റ്റ് 27നു രജിസ്ട്രേഷൻ, കാപ്പി, ലഘു ഭക്ഷണം എന്നിവയ്ക്ക് ശേഷം 11 മണിക്ക് ഓണം പരിപാടി ആരംഭിച്ചു. ഉഷ ജോർജ്, മേരി ഫിലിപ്പ്, മാത്യു കുമ്പംപാടം എന്നിവരുടെ നേതൃത്വത്തിൽ അംഗങ്ങൾ പൂക്കളം, നിലവിളക്ക്, താലപ്പൊലി തുടങ്ങിയവ ഒരുക്കിയിരുന്നു.

സെക്രട്ടറിയും എംസിയുമായ രാജു എബ്രഹാമിന്റെ ആമുഖ പ്രസംഗത്തിനു ശേഷം നിശബ്ദ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. തുടർന്ന് അമേരിക്കൻ, ഇന്ത്യൻ ദേശീയ ഗാനങ്ങൾ ആലപിച്ചു.

വൈസ് പ്രസിഡന്റ് തോമസ് തോമസ് പാലത്ര, വിശിഷ്ട വ്യക്തികളെയും എല്ലാ അംഗങ്ങളെയും അതിഥികളെയും ഔദ്യോഗികമായി സ്വാഗതം ചെയ്തു. അധ്യക്ഷ പ്രസംഗത്തിൽ പ്രസിഡന്റ് ജോണി സക്കറിയ ക്ലബ്ബിന്റെ എല്ലാ മുൻകാല നേതാക്കൾക്കും നന്ദി പറഞ്ഞു. അംഗങ്ങൾക്കായി നടത്തുന്ന വിവിധ പരിപാടികളും അദ്ദേഹം വിശദീകരിച്ചു.

ഫ്ളഷിംഗ് സേവിംഗ്സ് ബാങ്കിലെ ബിസിനസ് സ്പെഷ്യലിസ്റ്റ് മരിയ സിൽവ പങ്കെടുത്ത എല്ലാവർക്കും ഓണാശംസകൾ നേർന്നു. ബാങ്കിൽ നിന്നുള്ള സൗജന്യ സമ്മാനങ്ങളും അവർ വിതരണം ചെയ്തു.

മുഖ്യാതിഥികളിൽ ഒരാളായ ബ്ലൂ ഓഷ്യൻ വെൽത്ത് സൊല്യൂഷൻസിന്റെ സാമ്പത്തിക ഉപദേഷ്ടാവും എക്കോ പ്രോഗ്രാം ഡയറക്ടറുമായ സാബു ലൂക്കോസ് എംബിഎ അർത്ഥവത്തായ ഓണ സന്ദേശം നൽകുകയും വൈകാരികത ഉണർത്തിയ ഒരു കവിത ചൊല്ലുകയും ചെയ്തു.

കവയിത്രിയും എഴുത്തുകാരിയുമായ എൽസി യോഹന്നാൻ ശങ്കരത്തിൽ കവിത ചൊല്ലി എല്ലാവർക്കും ഓണാശംസകൾ പറഞ്ഞു.

ക്ലബിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും നിയമ ഉപദേഷ്ടാവുമായ അഭിഭാഷകൻ വിനോദ് കെയാർകെ അവിസ്മരണീയവും പ്രചോദനാത്മകവുമായ ഓണ സന്ദേശം നൽകുകയും ഓണാശംസകൾ നേരുകയും ചെയ്തു.

കാസർഗോഡ് എംപി രാജ്മോഹൻ ഉണ്ണിത്താനെയും ഭാര്യ സുധാകുമാരിയേയും താലപ്പൊലിയും ചെണ്ടമേളവും സഹിതം വരവേറ്റു. രാജ്മോഹൻ ഉണ്ണിത്താൻ നൽകിയ ഹൃദയംഗമമായ ഓണ സന്ദേശം മഹാബലി രാജാവിന്റെ ഇതിഹാസത്തിലൂടെയും, വിളവെടുപ്പ് കാലത്തിന്റെ പ്രാധാന്യത്തിലൂടെയും, ഉത്സവ പാരമ്പര്യങ്ങളിലൂടെയും, ഒരുമയുടെയും, കാരുണ്യത്തിന്റെയും, ഐക്യത്തിന്റെയും പ്രാധാന്യത്തിലൂടെയും ഓണത്തിന്റെ വ്യത്യസ്തമായ അർത്ഥതലങ്ങൾ വ്യക്തമാക്കുന്നതായിരുന്നു. പയനിയർ ക്ലബ്ബിന്റെ മുൻപ്രസിഡന്റും ഐഒസി വൈസ് ചെയർമാനുമായ ജോർജ് എബ്രഹാം, എംപിയെ പരിചയപ്പെടുത്തുകയും സ്വാഗതം ചെയ്യുകയും ചെയ്തു.

പ്രസിഡന്റ് ജോണി സക്കറിയ രാജ്മോഹൻ ഉണ്ണിത്താനും സുധാകുമാരിക്കും നന്ദി പറഞ്ഞു. ഓണാഘോഷ പരിപാടികളിലേക്ക് അവരെ കൊണ്ടുവന്നതിന് ഐഒസി നേതാവും സാമൂഹിക പ്രവർത്തകയുമായ ലീല മാരേട്ടിനോട് നന്ദി അറിയിച്ചു.

ഉഷ ജോർജും മേരി ഫിലിപ്പും നയിച്ച സംഗീതസംഘം ഓണപ്പാട്ടുകൾ പാടി.

കേരള സെനറ്റർ പ്രസിഡന്റ് അലക്സ് എസ്തപ്പൻ, മുൻ ഫോമാ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, ഫ്ലോറൽ പാർക്ക് ബെൽറോസ് ഇന്ത്യൻ മർച്ചന്റ് അസോസിയേഷൻ ചെയർ ഡിൻസിൽ ജോർജ്, നോവലിസ്റ്റും തിരക്കഥാകൃത്തും സംവിധായകനുമായ ബാബു പാറക്കൽ, സംരംഭകനും ഫോമ കെ.സി.സി.എൻ.എ മുൻ പ്രസിഡന്റുമായ ബേബി ഊരാളിൽ, വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ ചെയർമാൻ ചാക്കോ കോയിക്കലേത്ത്, ഐനാനിയുടെ മുൻ പ്രസിഡണ്ടും മൊളോയ് കോളേജിലെ അസോസിയേറ്റ് പ്രൊഫസറുമായ ഡോ.അന്ന ജോർജ് എന്നിവർ ആശംസകൾ നേർന്നു.

ക്ലബ്ബിന്റെ ജോയിന്റ് സെക്രട്ടറി ലോണ എബ്രഹാം ഏവർക്കും നന്ദി പറഞ്ഞു. വിശിഷ്ടാതിഥികൾക്കു പുറമെ ദി ടേസ്റ്റ് ഓഫ് കേരള കിച്ചൺ ഉടമ വിൽസൺ, ജീവനക്കാർ, ഷോൺ (ഓഡിയോ, വീഡിയോ), ജോസഫ് കുമ്പനാട് (ഫോട്ടോസ്), ഗായക സംഘം എന്നിവർക്കും പ്രത്യേക നന്ദി അറിയിച്ചു. ഓണസദ്യയോടെ പരിപാടികൾ സമാപിച്ചു.



*ന്യൂയോർക്ക് ഹഡ്സൺ മലയാളി അസോസിയേഷന്റെ മെഗാ ഓണം സ്പ്രിംഗ് വാലിയിലുള്ള കക്കിയാത്ത് എലിമെന്ററി സ്കൂളിൽ വർണാഭമായി ആഘോഷിച്ചു*

# സംയുക്തമായി സ്പെല്ലിംഗ് ബീ പ്രസംഗ മത്സരങ്ങൾ സംഘടിപ്പിക്കുന്നു

**- പി പി ചെറിയാൻ**

ഡാലസ്: കേരള അസോസിയേഷൻ ഓഫ് ഡാലസും ഇന്ത്യാ കൾച്ചറൽ ആൻഡ് എജ്യൂക്കേഷൻ സെന്ററും സംയുക്തമായി കുട്ടികൾക്കായി സ്പെല്ലിംഗ് ബീ, പ്രസംഗ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 27 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെ കാൾട്ടൺ പബ്ലിക് ലൈബ്രറിയിലാണ് മത്സരങ്ങൾ നടക്കുക.

സ്പെല്ലിംഗ് ബീ: കുട്ടികളുടെ പദസമ്പത്തും അക്ഷരവിജ്ഞാനവും പരീക്ഷിക്കുന്നതിനുള്ള മത്സരമാണിത്. ഓരോ വിഭാഗത്തിനുമുള്ള വാക്കുകളുടെ പട്ടിക പഠനത്തിനായി നൽകിയിട്ടുണ്ട്.

പ്രസംഗ മത്സരം: ഇംഗ്ലീഷിൽ മാത്രമായിരിക്കും മത്സരം. ഓരോ പ്രസംഗത്തിനും 5 മിനിറ്റ് സമയം അനുവദിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്കായി കെ.എ.ഡിഎജ്യുക്കേഷൻ ഡയറക്ടർ ഡിംപിൾ ജോസഫ് (516965 5325), ഐ.സി.ഇ.സി. സെക്രട്ടറി തോമസ് ഈശോ (214 435 1340)

# ന്യൂയോർക്ക് കേരളാ സമാജം ഓണാഘോഷം 6ന് എൽമോണ്ടിൽ

**- മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: അമേരിക്കയിലെ മലയാളീ സംഘടനകളെല്ലാം ഓണാഘോഷം നടത്തുന്നതിന്റെ തിരക്കിലാണിപ്പോൾ. മുമ്പൊക്കെ ചില സാംസ്കാരിക സംഘടനകൾ മാത്രം ഓണാഘോഷവും ഓണ സദ്യയും സംഘടപ്പിച്ചിരുന്നുവെങ്കിൽ ഇപ്പോൾ ക്രിസ്തീയ പള്ളികളും, സാംസ്കാരിക സംഘടനകളും, വിവിധ മത സംഘടനകളും എല്ലാം ഓണം ആഘോഷിക്കുന്നതിനായി മത്സരിക്കുകയാണ്. സന്തോഷത്തിന്റെയും, സാഹോദര്യത്തിന്റെയും ഒത്തുചേരലുകളുടെയും അവസരമായാണ് ഓണക്കാലം അമേരിക്കൻ മലയാളികളും ആഘോഷമാക്കുന്നത്. ഏകദേശം ഒന്നോ ഒന്നരയോ മാസം നീണ്ട് നിൽക്കുന്നതാണ് അമേരിക്കൻ മലയാളികളുടെ ഓണാഘോഷം.

ന്യൂയോർക്ക് ലോങ്ങ് ഐലൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അമേരിക്കയിലെ ഏറ്റവും പുരാതന സംഘടനയായ കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് അൻപത്തിമൂന്നാമത് ഓണാഘോഷം വിപുലമായി നടത്തുവാൻ തയ്യാറെടുക്കുകയാണ്. എൽമോണ്ടിലുള്ള സെന്റ് വിൻസെന്റ് ഡീപോൾ മലങ്കര കത്തോലിക്കാ പള്ളി ഓഡിറ്റോറിയത്തിൽ സെപ്റ്റംബർ 6ന് രാവിലെ 10.30 മുതൽ സമാജത്തിന്റെ ഓണാഘോഷങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. പാലാ എം. എൽ.എ. മാണി സി. കാപ്പനാണ് ഈ വർഷത്തെ മുഖ്യാതിഥി. വേദ പണ്ഡിതനായ രാജീവ് ഭാസ്കർ ഓണസന്ദേശം നൽകും.

താലപ്പൊലിയുടെയും ചെണ്ട മേളത്തിന്റെയും അകമ്പടിയോടെ മാവേലിത്തമ്പുരാന്റെ എഴുന്നള്ളത്തോടെയാണ് ഓണാഘോഷങ്ങൾക്ക് തുടക്കമാകുന്നത്. പിന്നീടുള്ള പൊതു സമ്മേളനത്തിൽ മുഖ്യാതിഥി മാണി സി.കാപ്പൻ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുന്നതും രാജീവ് ഭാസ്കർ ഓണം സന്ദേശം നൽകുന്നതുമാണ്. നിറപറയും, നിലവിളക്കും, ഓണപ്പൂക്കളവും, തിരുവാതിര, സംഘ നൃത്തം, മോഹിനിയാട്ടം, സംഗീത പരിപാടികൾ എന്നിവയും, ഫോട്ടോബൂത്ത്, കാഞ്ചീപുരം, ബനാറസ്, കേരളാ സെറ്റ് സാരികൾ, ബ്രൈഡൽ കളക്ഷൻസ്, ആഭരണ സെറ്റുകൾ തുടങ്ങിയവയുടെ വില്പന ബൂത്ത് എന്നിങ്ങനെ വിവിധ ക്രമീകരണങ്ങളാണ് ഓണാഘോഷം കൊഴുപ്പിക്കുവാനായി സംഘാടകർ ക്രമീകരിക്കുന്നത്. ഓണസദ്യക്ക് നൽകുന്ന എല്ലാ ഇനം കറികളോടും പായസ്സത്തോടും കൂടിയ വിഭവ സമൃദ്ധമായ സ്വാദിഷ്ട നാടൻ ഓണസദ്യ രുചിച്ച് ആസ്വദിക്കുവാനുള്ള അവസരവും ആഘോഷ വേദിയിൽ ഉണ്ടായിരിക്കും. പ്രവേശനം പാസ്സു മൂലം നിയന്ത്രിക്കുന്നതാണ്.

കേരളാ സമാജം പ്രസിഡന്റ് സജി എബ്രഹാം, ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ വിൻസെന്റ് സിറിയക്, സെക്രട്ടറി മാത്യുക്കുട്ടി ഈശോ, ട്രഷറർ വിനോദ് കെയാർക്കേ, വൈസ് പ്രസിഡന്റ് ബെന്നി ഇട്ടിയേറ, ജോയിന്റ് സെക്രട്ടറി ജോസി സ്കറിയ എന്നിവരുടെയും കമ്മറ്റി അംഗങ്ങളായ ലീലാ മാരേട്ട്, ഷാജി വർഗ്ഗീസ്, ഹേമചന്ദ്രൻ പയ്യാൽ, മാമ്മൻ എബ്രഹാം, തോമസ് വർഗ്ഗീസ്, ബാബു പാറക്കൽ, തോമസ് പ്രകാശ്, ചാക്കോ കോയിക്കലത്ത്, ജയ്സൺ വർഗ്ഗീസ്, ട്രസ്റ്റീ ബോർഡ് അംഗങ്ങളായ വർഗ്ഗീസ് കെ.ജോസഫ്, പോൾ പി.ജോസ്, ഫിലിപ്പോസ് കെ.ജോസഫ്, സിബി ഡേവിഡ് എന്നിവരുടെയും നേതൃത്വത്തിലാണ് ഓണാഘോഷങ്ങൾക്കുള്ള ക്രമീകരണങ്ങൾ ചെയ്യുന്നത്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

Saji Abraham (President-917-617-3959); Mathewkutty Easow (Secretary-516-455-8596); Vinod Kearke (Treasurer-516-633-5208)

26 September - World Environmental Health Day

The day has been declared by the International Federation of Environmental Health.

27 September - **World Tourism Day:** World Tourism Day is annually celebrated on 27 September to highlight the importance of tourism which helps in generating employment and build a future for millions of people around the world.

# ഒരുമയുടെ പൊന്നാണം വിവിധ പരിപാടികളോടെ



**- ജിൻസ് മാത്യു**

ഷുഗർലാൻഡ്: റിവർസ്റ്റോൺ മലയാളി സംഘടനയായ ഒരുമ2025 ഓണാഘാഷമായ പൊന്നോണ നക്ഷത്രരാവ് കാണികളിൽ പൊന്നിൻപ്രഭ വിതറിക്കൊണ്ട് വിസ്മയാനുഭവത്തിൽ നാട്യ, നൃത്ത, സംഗീത മുഹൂർത്തങ്ങളോടെ അരങ്ങേറി.

റിവർസ്റ്റോൺ ബാൻഡിന്റെയും താലപ്പൊലിയേന്തിയ വനിതകളുടെയും അകമ്പടിയോടെ മഹാബലി, മേയർ, ജഡ്ജ്, പോലീസ് ക്യാപ്റ്റൻ, ആക്ഷൻ ഹീറോ ഓഫ് മോളിവുഡ് ഇൻ ഹൂസ്റ്റൺ, ഒരുമ എക്സിക്യൂട്ടിവുകൾ, ഇതര സംഘടനാ പ്രതിനിധികൾ എന്നിവരൊത്ത് ഗംഭിര വരവേൽപ്പോടെ വേദിയിൽ എത്തി ഭദ്രദിപം കൊളുത്തി പൊന്നോണ നക്ഷത്ര നിലാവിന് തുടക്കം കുറിച്ചു.

ഒരുമ പ്രസിഡന്റ് ജിൻസ് മാത്യു കിഴക്കേതിലിന്റെ അധ്യക്ഷതയിൽ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു പൊതു സമ്മേളനം ഉത്ഘാടനം ചെയ്തു.

മോളിവുഡ് ആക്ഷൻ ഹീറോ സ്റ്റാർ ബാബു ആൻറണി കലാമേളക്ക് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു.

ജഡ്ജ് സുരേന്ദ്രൻ പട്ടേൽ മുഖ്യ പ്രഭാഷണം നടത്തി. പോലീസ് ക്യാപ്റ്റൻ മനോജ് പൂപ്പാറയിൽ മാഗ് പ്രസിഡന്റ് ജോസ് കെ. ജോൺ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ഒരുമയുടെ ഹൈസ്കൂൾ പഠനം പൂർത്തികരിച്ച വിദ്യാർത്ഥികൾക്ക് അവാർഡുകൾ വിതരണം ചെയ്തു. ഒരുമ സെക്രട്ടറി ജയിംസ് ചാക്കോ സ്വാഗതവും വൈസ് പ്രസിഡന്റ് റീനാ വർഗീസ് കൃതജ്ഞതയും പറഞ്ഞു.

ഡോ.ജോസ് തൈപ്പറമ്പിൽ, ഡോ.സീനാ അഷറഫ്, ഡോ.റെയ്നാ റോക്ക്, മേരി ജേക്കബ്, മെർലിൻ സാജൻ എന്നീ അവതാരകരുടെ പ്രകടനം കലാമേളക്ക് മാറ്റുരച്ചു.

ഒരുമ മന്നൻ മങ്ക, മിന്നൽ മന്നൻ, മങ്ക എന്നിവരെ തെരഞ്ഞെടുത്തു. പതിനഞ്ചോളം മാസ്മരിക കലാപരിപാടികൾ വേദിയിൽ അരങ്ങേറി. കുട്ടികൾ, മുതിർന്നവർ എന്നിവരുടെ കലാ പ്രകടനങ്ങൾ വേദിയെ വർണ്ണ പ്രപഞ്ചമാക്കി. കളരി, തിരുവാതിര, സംഘ ഗാനം എന്നിവയുടെ പശ്ചാത്തലത്തിലുള്ള ഒരുമ ചുണ്ടന്റെ വരവേൽപ്പ് ഗംഭീരമായി.

ഗാനമേളയും ഓണസദ്യയും ഒന്നിച്ചാരംഭിച്ചപ്പോൾ നക്ഷത്ര നിലാവ് ആഘോഷം ഉല്ലാസതിമിർപ്പിലായി.

മീഡിയാ പ്രതിനിധി ജീമോൻ റാന്നി, ഫാദർ ജോഷി ജോസ്, ലോയർ മാത്യു വൈരമൺ ഉൾപ്പെടെ അനേകം പ്രമുഖർ പങ്കെടുത്തു. നവീൻ ഫ്രാൻസിസ്, ജോൺ ബാബു, ജിജി പോൾ, സെലിൻ ബാബു, റോബി ജേക്കബ്, സോണി പാപ്പച്ചൻ, മാത്യു ചെറിയാൻ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# ഐപിസി മിഡ് വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ സമാപിച്ചു



**- ഫിന്നി രാജു ഹൂസ്റ്റൺ**

ഹൂസ്റ്റൺ: ഐപിസി മിഡ് വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ 2025 ഹൂസ്റ്റണിൽ സമാപിച്ചു. ഓഗസ്റ്റ് 29 മുതൽ 31വരെ ഐപിസി ഹെബ്രോൻ ഹൂസ്റ്റൺ സഭയിൽ വച്ചാണ് ഈ വർഷത്തെ കൺവൻഷൻ നടന്നത്.

മലയാളം സെഷനുകളിൽ പാസ്റ്റർ സേവിയർ ജയിംസ് (ഷിക്കാഗോ), പാസ്റ്റർ ഷിജു വർഗീസ് (കേരളം) എന്നിവർ ദൈവവചന സന്ദേശം പങ്കുവെച്ചു. ഇംഗ്ലിഷ് സെഷനിൽ പാസ്റ്റർ ബ്ലിസ്സ് വർഗീസ് (ന്യൂയോർക്ക്) മുഖ്യ പ്രഭാഷകനായിരുന്നു. സഹോദരിമാരുടെ യോഗത്തിൽ കൊച്ചുമോൾ ജയിംസ് സന്ദേശം നൽകി. വെള്ളി, ശനി ദിവസങ്ങളിൽ രാത്രിയിൽ നടന്ന പൊതുയോഗങ്ങളും ശനിയാഴ്ച പകൽ ഉണർവ്വ് യോഗവും നടന്നു. ഞായറാഴ്ച സംയുക്ത ആരാധനയും ഉണ്ടായിരുന്നു.

കൺവെൻഷന് ഐപിസി മിഡ് വെസ്റ്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഷിബു തോമസ്, വൈസ് പ്രസിഡന്റ് പാസ്റ്റർ ജയിംസ് പി. ഏബ്രഹാം, സെക്രട്ടറി പാസ്റ്റർ കെ.വി. തോമസ്, ജോയിന്റ് സെക്രട്ടറി ഫിന്നി സാം, ട്രഷറർ ജോഷിൻ ദാനിയേൽ, ബാബു കൊടുന്തറ (ജനറൽ കൗൺസിൽ മെമ്പർ), സാക്ക് ചെറിയാൻ (മിഷൻ കോഓർഡിനേറ്റർ), കെ. വി. എബ്രഹാം (ചാരിറ്റി കോഓർഡിനേറ്റർ) എന്നിവരടങ്ങുന്ന സംഘം നേതൃത്വം നൽകി.

പിവൈപിഎ പ്രവർത്തനങ്ങൾക്ക് ഷോണി തോമസ് (പ്രസിഡന്റ്), വെസ്ലി ആലുംമൂട്ടിൽ (വൈസ് പ്രസിഡന്റ്), അലൻ ജയിംസ് (സെക്രട്ടറി), വിന്നി ഫിലിപ്പ് (ജോയിന്റ് സെക്രട്ടറി), റോഷൻ വർഗീസ് (ട്രഷറർ), ജെസ്വിൻ ജയിംസ് (ടാലന്റ് കോ ഓർഡിനേറ്റർ) എന്നിവർ നേതൃത്വം നൽകി. സിസ്റ്റേഴ്സ് ഫെലോഷിപ്പിന് കൊച്ചുമോൾ ജയിംസ് (പ്രസിഡന്റ്), ബ്ലെസി സാം (വൈസ് പ്രസിഡന്റ്), രേഷ്മ തോമസ് (സെക്രട്ടറി) എന്നിവർ നേതൃത്വം വഹിച്ചു.